അക്കാദമിക് മാസ്റ്റർ പ്ലാൻ – 2025 – 2026




# പനമണ്ണ യു. പി. സ്കൂൾ

**പനമണ്ണ**

**പി. ഒ. അമ്പലവട്ടം, പിൻ: 679501.**

# അക്കാദമിക് മാസ്റ്റർ പ്ലാൻ
# 2025-2026

# അക്കാദമിക് മാസ്റ്റർ പ്ലാൻ – 2025 – 2026

## പനമണ്ണ എ. യു. പി. സ്കൂൾ


## അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | എ. യു. പി. സ്കൂൾ പനമണ്ണ |
| വിലാസം | : | അമ്പലവട്ടം പി. ഒ |
| | | പനമണ്ണ |
| | | പിൻ: 679501 |
| | | പാലക്കാട് |
| ഫോൺ | : | 7559096414 |
| സ്കൂൾ കോഡ് | : | 20245 |
| വിദ്യാഭ്യാസ ഉപജില്ല | : | ഒറ്റപ്പാലം |
| വിദ്യാഭ്യാസ ജില്ല | : | ഒറ്റപ്പാലം |
| റവന്യൂ ജില്ല | : | പാലക്കാട് |
| ബി. ആർ. സി. | : | ഒറ്റപ്പാലം |
| ഗ്രാമ പഞ്ചായത്ത് | : | അനങ്ങനടി |
| ബ്ലോക്ക് പഞ്ചായത്ത് | : | ഒറ്റപ്പാലം |
| താലൂക്ക് | : | ഒറ്റപ്പാലം |
| വില്ലേജ് | : | അനങ്ങനടി |
| ഇ – മെയിൽ | : | panamanna ups 100@ gmail. com. |

# അക്കാദമിക് മാസ്റ്റർ പ്ലാൻ – 2025 – 2026

## ഉള്ളടക്കം


1. ആമുഖം
2. വിദ്യാലയ ചരിത്രം
3. അവസ്ഥാ വിശകലനം (സ്കൂൾ)
4. അവസ്ഥാ വിശകലനം (കുട്ടകളിൽ)
5. വിഷയമേഖലാ പ്രവർത്തനങ്ങൾ (എൽ. പി. തലം)
6. വിഷയമേഖലാ പ്രവർത്തനങ്ങൾ (യു. പി. തലം)
7. ഉപസംഹാരം

# അക്കാദമിക് മാസ്റ്റർ പ്ലാൻ – 2025 – 2026

**അധ്യായം 1.**

## ആമുഖം

കേരളത്തിലെ പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങൾ ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ 2018 അക്കാദമി വർഷം മുതൽ ആരംഭിച്ചിട്ടുണ്ട് ഇതിന്റെ ഭാഗമായി വിദ്യാഭ്യാസ രംഗത്ത് നിരവധി മാറ്റങ്ങൾ പ്രകടമാണ് അതിന്റെ തുടർച്ചയായ വിദ്യാ കിരണവും ഈ മാറ്റങ്ങളിൽ നിർണായക പങ്കുവെച്ചിട്ടുണ്ട് പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി മുന്നോട്ടുവെച്ച ആശയമാണ് എല്ലാ വിദ്യാലയങ്ങളും അക്കാദമിക് മാസ്റ്റർ പ്ലാൻ വികസിപ്പിക്കുക എന്നത്. എന്തിനാണ് ഈ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്? നമ്മുടെ ഏതൊരു പ്രവൃത്തിക്കും ലക്ഷ്യം ആവശ്യമാണ്. ലക്ഷ്യബോധത്തോടെയുള്ള പ്രവർത്തനം കൊണ്ട് മാത്രമേ വിജയത്തിൽ എത്താൻ സാധിക്കൂ എന്നതിൽ സംശയമില്ല. അതു കൊണ്ടു തന്നെ ഇനി വരുന്ന വർഷങ്ങളിലേക്ക് ഒരു പ്രത്യേക ലക്ഷ്യം വെച്ചു കൊണ്ടുള്ള ആസൂത്രണം ഒഴിച്ചു കൂടാനാവാത്തതാണ്.

(വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ്. ഈ അവകാശം ഓരോ കുട്ടിയിലേക്കും ശരിയായ രീതിയിൽ എത്തിക്കാൻ പൊതുസമൂഹം ശക്തമായ ഇടപെടലാണ് നടത്തിക്കൊണ്ടിരിക്കുന്നത്. വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുന്നതോടൊപ്പം ഗുണ നിലവാരം, ലിംഗ സമത്വം, പങ്കാളിത്തം എന്നിവയ്ക്ക് പ്രാധാന്യം നൽകുക കൂടി നമ്മുടെ കടമയായി കരുതണം. അതോടൊപ്പം തന്നെ പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളിലെ വിദ്യാർത്ഥികളുടേയും ശാരീരിക, മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടേയും പ്രശ്നങ്ങൾക്ക് അർഹിക്കുന്ന പ്രാധാന്യം നൽകുവാനും ഈ ലക്ഷ്യബോധത്തോടെയുള്ള പ്രവർത്തനം പ്രയോജനപ്രദമാകണം.)

# അക്കാദമിക് മാസ്റ്റർ പ്ലാൻ – 2025 – 2026

.

## ലക്ഷ്യങ്ങൾ

1. മതനിരപേക്ഷ ജനാധിപത്യ മുല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്തജനവിഭാഗങ്ങൾക്കും ഉറപ്പു വരുത്തുക.
2. അക്കാദമിക മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല പരിപ്രേക്ഷ്യത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.
3. എൽ. കെ. ജി. മുതൽ 7-ാം ക്ലാസ് വരെ ഓരോ ക്ലാസ് അടിസ്ഥാനത്തിലും, വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ.
4. അധ്യാപനവും, അധ്യയനവും സർഗ്ഗാത്മകവും, രസകരവുമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.

**അധ്യായം 2.**

## വിദ്യാലയ ചരിത്രം

കയറാട്ടു കുടുംബത്തിലെ കാരണവരായ രാരു നായർ എന്ന മഹാനുഭാവന്റെ നേതൃത്വത്തിൽ 1909 ൽ പനമണ്ണയിൽ പ്രവർത്തനമാരംഭിച്ച ഈ വിദ്യാലയത്തിന്റെ പ്രയാണത്തിന് ഇപ്പോൾ ഏകദേശം 109 വർഷം പിന്നിടുകയാണ്. 1900 കാലഘട്ടത്തിൽ മനകൾ കൊണ്ടും പനകൾ കൊണ്ടും നിറഞ്ഞു നിന്നതിനാൽ''പനമണ്ണ'' എന്ന നാമധേയത്തിൽ രൂപപ്പെട്ടതാണ് ഈ പ്രദേശമെന്നാണറിയപ്പെടുന്നത്. അനങ്ങൻ മലയുടെ തലോടലും, മലോൽമ ദേവിയുടേയും, ചുള്ളിയോൽമ ദേവിയുടേയും അനുഗ്രഹാശ്ശിസ്സുകളും ഏറ്റു വാങ്ങി പ്രൌഢിയോടെ തലയുയർത്തി നിൽക്കുന്ന പനമണ്ണ യു. പി. സ്കൂൾ എന്ന സരസ്വതി വിദ്യാലയം, ഒരു നൂറ്റാണ്ടിലേറെ ജീവിച്ചിരുന്ന, ഒരു നല്ല ജനതയെ വാർത്തെടുക്കുന്നതിന് അക്ഷരദീപം തെളിയിച്ച ഒരു മുത്തശ്ശി തന്നെയാണ്.

പനമണ്ണയിലെ പ്രമുഖ തറവാടായിരുന്ന കയറാട്ടു വീട്ടിലെ കാരണവരായ പങ്ങശ്ശാർ, പ്രായാധിക്യം മൂലം മൂന്നാം തലമുറയിൽപ്പെട്ട രാരു നായർക്ക് ചുമതല ഏൽപ്പിച്ചു കൊടുത്തു. പൊളിച്ചെഴുത്ത് എന്നറിയപ്പെട്ടിരുന്ന ഈ കൈമാറ്റച്ചടങ്ങിന് ശേഷം രാരു നായർക്ക് തുടർ പഠനം അസാധ്യമായി. തനിക്കു ലഭിക്കാതെ വന്നത് നാട്ടിലുള്ളവർക്ക് മുഴുവൻ പകരണമെന്ന ആഗ്രഹത്തോടെ പനമണ്ണ, കോതകുർശ്ശി, മുന്നൂർക്കോട് എന്നിവിടങ്ങളിലായി അദ്ദേഹം മൂന്ന് വിദ്യാലയങ്ങൾ സ്ഥാപിച്ചു. അങ്ങനെ പനമണ്ണയിൽ സ്ഥാപിച്ച സ്കൂളാണ് പിൽക്കാലത്ത് പനമണ്ണ യു. പി. സ്കൂൾ എന്ന പേരിൽ വിഖ്യാതമായത്. ഇപ്പോഴുള്ള സ്കുളിന്റെ പിൻ ഭാഗത്തുള്ള ഒരു മാപ്പിളക്കുടിയിലായിരുന്നു ഇതിന്റെ ആദ്യ കാലപ്രവർത്തനം ആരംഭിച്ചത്.

ഇപ്പോൾ സ്കൂൾ പ്രവർത്തിക്കുന്ന സ്ഥലത്ത് ഒരു നെയ്ത്ത് കമ്പനിയായിരുന്നു പ്രവർത്തിച്ചിരുന്നത്. പിന്നീട് അതൊരു തീപ്പെട്ടിക്കമ്പനിയാക്കി മാറ്റി. ഒരിക്കൽ കമ്പനി തീപ്പിടുത്തത്തിന് ഇരയാവുകയും പ്രവർത്തനം നിലയ്ക്കുകയും ചെയ്തപ്പോൾ ക്രമേണ സ്കൂൾ കമ്പനി പ്രവർത്തിച്ചിരുന്ന സ്ഥലത്തേക്ക് മാറ്റി. ഈ കാരണം കൊണ്ട് പഴമക്കാർ ഇതിനെ "കമ്പനി സ്കുൾ" എന്ന് വിളിച്ചു പോന്നു. അതുപോലെ ഇവിടം ബ്രിട്ടീഷ് ഭരണ കാലത്ത ""വെയിൽസ് രാജകുമാരൻ" സന്ദർശിച്ചതിനാൽ വിദ്യാലയം "പ്രിൻസ് ഓഫ് വെയിൽസ്" എന്ന പേരിലും അറിയപ്പെട്ടിരുന്നു.

കയറാട്ട് രാരു നായർക്ക് ശേഷം കയറാട്ട് നാരായണൻ നായർ ആയിരുന്നു സ്കുളിന്റെ ചുമതല വഹിച്ചിരുന്നത്. അക്കാലം മുതൽ മരുമക്കത്തായത്തിൽ അധിഷ്ഠിതമായിരുന്ന അന്നത്തെ വ്യവസ്ഥിതിയിൽ മാനേജർ സ്ഥാനം ഓരോ തലമുറകളിലേയും മരുമക്കളായിരുന്നു. ഏറ്റെടുത്തിരുന്നത്. കയറാട്ട് അപ്പു നായർ മാനേജർ ആയ ശേഷം ഏറെക്കാലം വിദ്യാലയം അദ്ദേഹത്തിന്റെ കീഴിൽ സുഗമമായി പ്രവർത്തിച്ചു പോന്നു. അദ്ദേഹത്തിന്റെ നിര്യാണത്തെ തുടർന്ന് അവരുടെ ഭാര്യ പുത്തൻ കുളങ്ങര ഭാരതിയമ്മ മാനേജരായി സ്ഥാനമേറ്റ് ഇന്നും തുടർന്ന് പോകുന്നു.

പ്രശസ്തരായ പല വ്യക്തികളേയും സമൂഹത്തിന് സംഭാവന ചെയ്യാൻ ഈ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്. ഡോക്ടർ മറിയക്കുട്ടി, കലാമണ്ഡലം ശശി, പനമണ്ണ ഗണേഷ്, പ്രൊഫസർ ചന്ദ്രൻ, അസിസ്റ്റന്റ് പ്രൊഫസർ ഫെമിന തുടങ്ങിയവർ ഇവരിൽ ചിലരാണ് കൂടാതെ നിരവധി അധ്യാപകർ, എൻജിനീയർമാർ, പോലീസുകാർ, ബാങ്ക് ഉദ്യോഗസ്ഥർ, ബിസിനസ്സ് പ്രമുഖർ, പ്രവാസികൾ എന്നിവരും ഇക്കൂട്ടത്തിൽപ്പെടുന്നു.

**അധ്യായം 3.**

# സ്കൂൾ അവസ്ഥ, വിശകലനം

നൂറിലധികം വർഷത്തെ പഴക്കമുള്ള നമ്മുടെ വിദ്യാലയം എല്ലാ അർത്ഥത്തിലും മികവിന്റെ ഒരു കേന്ദ്രമായി തന്നെ നമ്മുടെ പ്രദേശത്ത് നിലകൊള്ളുന്നു. ഈ കഴിഞ്ഞ കാലഘട്ടങ്ങളിൽ പ്രഗത്ഭരും, പ്രശസ്തരുമായ ഒരുപാട് വ്യക്തികളെ സംഭാവന ചെയ്യാൻ കഴിഞ്ഞതും സംസ്കാര സമ്പന്നമായ ഒരു സമൂഹത്തെ ഇതിന് ചുറ്റും വാർത്തെടുക്കാൻ കഴിഞ്ഞതും, പൊതുവിദ്യാഭ്യാസ മേഖലയാകെ തകർച്ച നേരിട്ടപ്പോഴും വിദ്യാലയത്തിന്റെ മികവിനോടുള്ള ഒരു വിശ്വാസം കൊണ്ട് മാത്രം കുട്ടികൾ വന്ന് ചേർന്നതും നമുക്കഭിമാനിക്കാവുന്നതുമാണ്. എങ്കിലും ഈ വിദ്യാലയത്തെ ഇനിയും മുന്നോട്ടു കൊണ്ടു പോകേണ്ടതുണ്ട്. ഇതുമായി ബന്ധപ്പെട്ട പ്രധാനമായ ചില മേഖലകളിൽ വരുന്ന 5 വർഷത്തേക്ക് വരുത്തേണ്ട മാറ്റങ്ങളും എന്ത് നേടണം? എന്തായി തീരണം എന്നതിനെപ്പറ്റിയുള്ള കാഴ്ച്ചപ്പാടും പങ്കുവെയ്ക്കാം.

**1. അടിസ്ഥാന വിദ്യാഭ്യാസം**

ഒരു വിദ്യാലയത്തെ സംബന്ധിച്ചിടത്തോളം അടിസ്ഥാന വിവരങ്ങൾ നേടിയ ശേഷം പുറത്തിറങ്ങിയ ഒരു തലമുറയാണ് ആ സ്ഥാപനത്തിന്റെ അളവ് കോൽ. 1 മുതൽ 7 വരെ ക്ലാസുകളുള്ള നമ്മുടെ വിദ്യാലയത്തെ സംബന്ധിച്ചിടത്തോളം“അക്ഷരജ്ഞാനം” കുട്ടികളിൽ എത്തിക്കേണ്ടത് അത്യാവശ്യമാണ്. ഇതിനായി വിദ്യാഭ്യാസത്തിന്റെ ആരംഭത്തിൽ തന്നെ കുട്ടികളുടെ നിലവാരം അറിയുന്നതിനു വേണ്ടിയുള്ള ടെസ്റ്റുകൾ നടത്തി പിന്നോക്കക്കാർക്ക് പ്രത്യേക പരിശീലനം നൽകേണ്ടതാണ്. ഇതിന് പ്രവർത്തി സമയത്തിന് അപ്പുറത്തേക്ക് സമയം കണ്ടെത്തി അവർക്ക് പ്രത്യേക മൊഡ്യൂൾ തയ്യാറാക്കി പഠനം നടത്തേണ്ടതാണ്. ഇതിന്റെ സംഘാടനത്തിന് പി.ടി.എ., പ്രാദേശിക വികസന സമിതി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധസംഘടനകൾ ഇവയുടെ സഹായം തേടാവുന്നതാണ്. ഈ പ്രവർത്തനത്തിന്റെ പുരോഗതി കൃത്യമായുള്ള ഇടവേളകളിൽ വിലയിരുത്തേണ്ടതും, രക്ഷിതാക്കളെ അറിയിക്കേണ്ടതുമാണ്. ഇത്തരത്തിൽ ഒന്നാം തരത്തിൽ ചേർന്ന ഒരു കുട്ടി ഏഴാം തരം കഴിഞ്ഞ് പുറത്തിറങ്ങുമ്പോഴേക്കും എല്ലാ വിഷയങ്ങളിലും അടിസ്ഥാന ശേഷി നേടിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

**2. പരിസ്ഥിതി.**

പലതരത്തിലുള്ള പ്രവൃത്തികളും ദുർവിനിയോഗങ്ങളും മൂലം നമ്മുടെ പരിസ്ഥിതിയാകെ മലിനമായിക്കൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ പരിസ്ഥിതി സംരക്ഷണത്തെപ്പറ്റിയുള്ള ബോധം കുട്ടികളിൽ വളർത്തിയെടുക്കേണ്ടത് അത്യാവശ്യമാണ്. നമ്മുടെ പരിസ്ഥിതിയെ നശിപ്പിക്കുന്നതിന് പ്രധാന പങ്ക് വഹിക്കുന്ന ഒന്നാണല്ലോ ‘പ്ലാസ്റ്റിക്’ പ്ലാസ്റ്റിക് നിർമാർജ്ജനത്തിനാണ് പ്രഥമപരിഗണന കൊടുക്കുന്നത്. പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം അതാണ് ലക്ഷ്യം. ഒപ്പ തന്നെ ഇതിന് പരിഹാര മാർഗ്ഗങ്ങളും കണ്ടെത്തേണ്ടതുണ്ട്. കടലാസ് ബാഗ്, കടലാസ് പെൻസിൽ തുടങ്ങിയവയുടെ നിർമ്മാണം, വിപണനം എന്നിവ കുട്ടികളെക്കൊണ്ട് ചെയ്യിപ്പിച്ച് അവർക്ക് സ്വയം തൊഴിലും വരുമാനവും ഉണ്ടാക്കി കൊടുക്കുന്നതിനും ഇത് സഹായിക്കും. ഇത് സമൂഹത്തിലേക്കും വ്യാപിപ്പിക്കാം. ‘ആഗോള

താപനത്തിന് മരമാണ് മറുപടി' എന്നതിനാൽ സ്കൂളിലും പരിസരത്തും തണൽ വൃക്ഷങ്ങൾ നട്ടുപിടിപ്പിച്ച് പരിപാലിക്കാം. നാം നേരിടുന്ന മറ്റൊരു പ്രശ്നമാണ് ശുദ്ധജലക്ഷാമം.മഴവെള്ളം ഭൂമിയിലേക്കിറങ്ങുന്ന മഴക്കുഴികളുടെ നിർമ്മാണം, കിണർ റീ ചാർജ്ജിംഗ്, സമീപപ്രദേശത്തെ ജലാശയങ്ങൾ, നീർചാലുകൾ ഇവയുടെ സംരക്ഷണം എന്നിവ ചെയ്യാവുന്നതാണ്.

**3. ശുചിത്വം**

ശുചിത്വം എന്നത് വിദ്യാലയത്തിന് മാത്രമല്ല വ്യക്തിശുചിത്വത്തിനും വേണ്ടിയുള്ളതാണ്. രാഷ്ട്രം തന്നെ'സ്വച്ഛ് ഭാരത്' പദ്ധതിയിലൂടെ ശുചിത്വത്തിന്റെ പ്രാധാന്യം ഉയർത്തിക്കാട്ടുന്നു. ശുചിത്വമുള്ള വിദ്യാലയാന്തരീക്ഷം സമൂഹത്തിൽ വളരെ മാറ്റങ്ങൾ വരുത്തും. ആദ്യമായി സ്കൂളിൽ വന്ന് പോകുന്നവരുടെ എണ്ണം കണക്കാക്കി ഇത്മൂലമുണ്ടാകുന്ന മാലിന്യത്തിന്റെ തോത് നിശ്ചയിച്ച് അവ സംസ്കരിക്കുന്നതിനുള്ള സംവിധാനം സ്കൂളിലോ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയോ നടപ്പാക്കാവുന്നതാണ്. അടുക്കളമാലിന്യങ്ങൾ സംസ്കരിക്കാൻ ബയോ കമ്പോസ്റ്റ് ബയോഗ്യാസ് പ്ലാന്റ് തുടങ്ങിയവ ഉപയോഗിക്കാവുന്നതാണ്. അടുക്കളയിൽ നിന്നുള്ള ഭക്ഷണാവശിഷ്ടങ്ങൾ സ്കൂൾ വളപ്പിൽ തന്നെ നിർമാർജ്ജനം ചെയ്യുന്നത് ദുർഗന്ധമുണ്ടാകുന്നതിനും പക്ഷികളും മറ്റും സ്കൂൾ കിണറുകളിലും, സമീപ കിണറുകളിലും കൊണ്ടിടുന്നതിനും കാരണമാവും. ഇതിന് പരിഹാരമായി ഈ അവശിഷ്ടങ്ങൾ സമീപത്തെ കന്നുകാലി വളർത്തുന്ന കർഷകർക്ക് നൽകിയാൽ വിദ്യാലയം ശുചിത്വം ഉറപ്പാക്കുന്നതിന് സഹായിക്കും. അതുപോലെ കൃത്യമായ ഇടവേളകളിൽ ടെസ്റ്റ് ചെയ്ത കുടിവെള്ള വിതരണം, വൃത്തിയുള്ളതും ആവശ്യത്തിന് വെള്ളടാപ്പുകൾ ഉള്ളതുമായ ശുചിമുറികൾ ഇവ ഉറപ്പു വരുത്തേണ്ടതുമാണ്.

**4. ആരോഗ്യം**

ആരോഗ്യമുള്ള തലമുറയാണ് രാഷ്ട്രത്തിന്റെ സമ്പത്ത്. പോഷകസമൃദ്ധമായ ഭക്ഷണവിതരണം, പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുമായി സഹകരിച്ച് പ്രതിരോധകുത്തി വെയ്പ്പുകൾ, വിറ്റാമിൻ മരുന്നുകളുടെ വിതരണം, അവശ്യ മരുന്നുകളുടെ സംഭരണം എന്നിവ നടത്താവുന്നതാണ്.

- പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തം ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ.
- 'മോചനമരുളുന്നതെന്തോ അതാണ് വിദ്യാഭ്യാസം' എന്ന ഗാന്ധിയൻ കാഴ്ചപ്പാടിനെ സാക്ഷാത്ക്കരിക്കുന്ന ഇടമായി വിദ്യാലയത്തെ പുതുക്കിപ്പണിയുക.
- ഐ സി ടി സാങ്കേതിക വിദ്യ ഉപയോഗിച്ച് കൊണ്ടുള്ള പഠനം ഉറപ്പു വരുത്തൽ.
- വിദഗ്ധരായ അധ്യാപകരുടെ സേവനം വിദ്യാലയങ്ങളിൽ ലഭ്യമാക്കുന്നതോടൊപ്പം വിദ്യാലയത്തിലെ ഓരോ അധ്യാപകന്റെയും അക്കാദമികവും, സാങ്കേതികവുമായ മികവ് വികസിപ്പിക്കുന്നതിനുള്ള പ്രവർത്തന പദ്ധതികൾ ആസൂത്രണം ചെയ്യുക.
- വിദ്യാലയത്തിന്റെ സമസ്ത മേഖലകളിലും ജനകീയ പങ്കാളിത്തം ഉറപ്പാക്കുക.
- പ്രാദേശിക വിഭവ പടം തയ്യാറാക്കിപ്രതിഭകളുടെ സേവനം വിദ്യാലയത്തിൽ ലഭ്യമാക്കുക.
- ഒരോ വിദ്യാർത്ഥിയുടേയും സവിശേഷവും, സർഗ്ഗപരവുമായ കഴിവുകൾ കണ്ടെത്തി വളർത്താനും, വികസിപ്പിക്കാനും ആവശ്യമായ അവസരങ്ങൾ പഠന പ്രവർത്തനങ്ങളുടെ ഭാഗമായും സവിശേഷ സന്ദർഭങ്ങൾ ഒരുക്കിയും വികസിപ്പിക്കുക.

**അധ്യായം 4.**

## സ്കൂൾ അവസ്ഥാവിശകലനം

അക്കാദമികപരമായി പനമണ്ണ യു.പി സ്കൂളിലെ കുട്ടികൾ വളരെ മുൻപന്തിയിൽ തന്നെയാണ്. സബ്ജില്ല, ജില്ലാമേളകളിൽ കലോത്സവം, സ്പോർട്സ്, പ്രവൃത്തി പരിചയമേള, ശാസ്ത്രമേള, ഗണിതമേള എന്നിവയിൽ സ്കൂൾ മികവാർന്ന വിജയം കരസ്ഥമാക്കി വരുന്നു. LSS, USS സ്കോളർഷിപ്പുകൾ കുട്ടികൾക്ക് നേടാൻ കഴിയുന്നുണ്ട്. വ്യത്യസ്ത മതവിഭാഗങ്ങളിൽപ്പെടുന്ന, വ്യത്യസ്ത സാമ്പത്തിക-സാമൂഹിക നിലവാരത്തിലുള്ള കുട്ടികൾ ഇവിടെ പഠിക്കുന്നു. എല്ലാവർക്കും മികച്ച വിജയം നേടിക്കൊടുക്കുക എന്ന ലക്ഷ്യത്തോടെ എല്ലാവരും ഒറ്റക്കെട്ടായി പ്രവർത്തിക്കുന്നു. ഐ സി ടി അധിഷ്ഠിതമായ വിദ്യാഭ്യാസത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള പഠനമാണ് ഇവിടെ നടന്നു വരുന്നത്. IT School ന്റെ ഭാഗത്തു നിന്നും 29 ലാപ്ടോപ്പുകളും 11 പ്രോജക്ടറുകളും ഇതിനായി സ്കൂളിന് ലഭിച്ചിട്ടുണ്ട്. കൂടാതെ മാനേജ്മെന്റ് 14 പ്രോജക്ടറുകളും സ്കൂളിന് നൽകിയിട്ടുണ്ട്.

അടിസ്ഥാന സജ്ജീകരണങ്ങളോടെ സജ്ജീകരിച്ച അടുക്കളയും, കുട്ടികൾക്കാവശ്യമായ ടോയ്‌ലറ്റുകളും സ്കൂളിലുണ്ട്. കുടിവെള്ളത്തിനായി ഒരു കിണറും ഒരു കുഴൽ കിണറും ഉണ്ട്. വേനൽക്കാലത്ത് കുടിവെള്ളത്തിനായി ഒരു ക്ഷാമവും ഉണ്ടാകാതിരിക്കാൻ ഇവ സഹായിക്കുന്നു. ക്ലാസ് മുറികളിൽ എല്ലാം ഇലക്ട്രിഫിക്കേഷൻ നടത്തിയിട്ടുണ്ട്. സ്കൂളിന്റെ സുരക്ഷ മുൻകരുതലിനായി ഓഫീസിലും എല്ലാ ക്ലാസ് മുറികളിലും മാനേജ്മെന്റ് CCTV സജ്ജമാക്കിയിട്ടുണ്ട്.

അക്കാദമികപരമായും, ഭൗതികപരമായും ഇവയെല്ലാം ഉണ്ടെങ്കിലും ചില പരിമിതികളും സ്കൂളിനുണ്ട്. കലാ-കായിക-പ്രവൃത്തിപരിചയ പരിശീലനത്തിന് പ്രത്യേകം അധ്യാപകരില്ല. അത്തരം അധ്യാപകരെക്കൂടി നിയമിക്കുകയാണെങ്കിൽ കുട്ടികളുടെ കഴിവ് ഇനിയും വികസി പ്പിക്കാൻ കഴിയും. സകൂൾ ഗ്രന്ഥശാലാ നവീകരണം, ലബോറട്ടറികളുടെ ആധുനിക വൽക്കരണം തുടങ്ങിയവയും പൂർണ്ണമായ തോതിൽ പൂർത്തീകരിച്ചിട്ടില്ല.

ഓഫീസ് റൂം, സ്റ്റാഫ് റൂം, ലാബ്-ലൈബ്രറി എന്നിവക്ക് മതിയായ സൗകര്യങ്ങളുള്ള കെട്ടിടങ്ങൾ നിർമ്മിക്കേണ്ടതുണ്ട്. കുട്ടികൾക്കാവശ്യമായ ആധുനിക രീതിയിലുള്ള ഫർണിച്ചറുകളും ആവശ്യമായിട്ടുണ്ട്.

ആകർഷകമായ വിധത്തിൽ പൂന്തോട്ടം, ജൈവവൈവിധ്യ പാർക്ക് എന്നിവ നിർമ്മിക്കേണ്ടതുണ്ട്. സ്കൂൾ മുറ്റം ഡസ്റ്റ് ഫ്രീ ആക്കേണ്ടതുണ്ട്.

സ്കൂളിൽ ഒരു ജെ ആർ സി യൂണിറ്റ് പ്രവർത്തിച്ചു വരുന്നു. മുഹമ്മദ് സ്വാലിഹ് മാസ്റ്റർ, ഷീജ ടീച്ചർ എന്നിവരുടെ നേതൃത്വത്തിൽ വളരെ നല്ല പ്രവർത്തനങ്ങളാണ് ജെ ആർ സി യൂണിറ്റ് നടത്തുന്നത്. ഭാഷാ ക്ലബ്ബുകളും, വിവിധ വിഷയ ക്ലബ്ബുകളും മാസത്തിൽ രണ്ടു തവണ കൂടുകയും കുട്ടികൾക്ക് അധിക പ്രവർത്തനങ്ങൾ നൽകുകയും ചെയ്തു വരുന്നു.LSS, USS കുട്ടികൾക്ക് പ്രത്യേക പരിശീലനവും നടത്തി വരുന്നു. പഠനം ആസ്വാദ്യകരമാക്കാൻ പരീക്ഷണങ്ങളും, നിരീക്ഷണങ്ങളും നടത്താൻ ലാബ് പ്രയോജനപ്പെടുത്തുന്നു. ഓരോ വിഷയവും കൈകാര്യം ചെയ്യുന്ന അധ്യാപകർ ഒരുമിച്ചിരുന്ന് കുട്ടികൾക്കാവശ്യമായ പഠന വിഭവങ്ങൾ തയ്യാറാക്കുന്നു. ഐ സി ടി അധിഷ്ഠിതമായ ക്ലാസുകൾ കൈകാര്യം ചെയ്യാൻ

# അക്കാദമിക് മാസ്റ്റർ പ്ലാൻ – 2025 – 2026

എല്ലാ അധ്യാപകർക്കും പരിശീലനം ലഭിച്ചിരുന്നു. അവ നല്ല രീതിയിൽ കുട്ടികളിലെത്തിക്കാൻ എല്ലാവരും ശ്രമിക്കുന്നു. ഇതെല്ലാം എസ് ആർ ജി യോഗങ്ങളിൽ ചർച്ച ചെയ്യുകയും, മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ സ്വീകരിക്കുകയും ചെയ്യുന്നു. കുട്ടികൾക്കാവശ്യമായ പഠനയാത്രയും മറ്റ് പരിശീലനങ്ങളും നൽകി വരുന്നു.

ഒന്നു മുതൽ ഏഴ് വരെയുള്ള ക്ലാസുകളിൽ 20 ഡിവിഷനുകളാണ് ഇപ്പോൾ സ്കൂളിലുള്ളത്. 320 ആൺകുട്ടികളും, 326 പെൺകുട്ടികളുമായി 646 കുട്ടികൾ ഇവിടെ പഠിക്കുന്നു. പ്രീ-പ്രൈമറിയിൽ 65 ഓളം കുട്ടികളും പഠിക്കുന്നുണ്ട്. 27 അധ്യാപകരും ഒരു പ്യൂണും, 2 പാചകതൊഴിലാളികളും ഇവിടെ ഇന്ന് സേവനമനുഷ്ഠിക്കുന്നു. പ്രീപ്രൈമറിയിൽ 2 അധ്യാപകരും 1 ആയയും സേവനമനുഷ്ഠിക്കുന്നു. കുട്ടികളുടെ യാത്രാ സൗകര്യത്തെ പരിഗണിച്ച് 2 ബസ്സ് സർവ്വീസും സ്കൂളിലുണ്ട്. അതിൽ 4 പേർ പ്രവർത്തിച്ച് വരുന്നു.

**അധ്യാപകരും അവർ കൈകാര്യം ചെയ്യുന്ന വിഷയങ്ങളും ചുമതലകളും.**

| | | | |
|---|---|---|---|
| 1. | ബീന. പി | : | ഹെഡ്മിസ്ട്രസ് |
| 2. | നിവേദ്. എൻ | : | 1 A |
| 3. | മുബഷിറ. എ | : | 1 B |
| 4. | സുഹറ മേലേതിൽ | : | 2 A |
| 5. | കാവ്യ | : | 2 B |
| 6. | ഹസ്ന. വി.പി. | : | 3B |
| 7. | സബിത.പി | : | 3A |
| 8. | സുജാത പി.വി. | : | 4B |
| 9. | കല | : | 4 A |
| 10. | അക്ഷയ. എം | : | 4C |
| 11. | വർഷ. കെ | : | 5A |
| 12. | ദീപ്തി. എൻ. | : | 5B |
| 13. | അപർണ. എൻ | : | 5C |
| 14. | അശ്വനി. സി. | : | 5D |
| 15. | സൗമ്യ. പി | : | 6A |
| 16. | ശ്രുതി. കെ.പി | : | 6B |
| 17. | ഐശ്വര്യ. എസ്. | : | 6C |
| 18 | പ്രിയ. കെ.എസ്. | : | 6D |
| 19. | രാജി. എം. എസ്., ഐശ്വര്യ. എസ് | : | 6E |
| 20. | ഹേമഷീജ, ബീന.പി., നിർമ്മല. എൻ | : | 7A |
| 21. | ഫൗസിയ, ഹേമ ഷീജ | : | 7B |
| 22. | നിർമ്മല, ഫീസിയ | : | 7C |
| 23. | പ്രതീഷ്. ആർ. | : | 7D |

**ഭാഷാ അധ്യാപകർ:**

| | | | |
|---|---|---|---|
| 1. | സൈനുൽ ആബിദീൻ | : | ഹിന്ദി (UP) |
| 2. | നൂറുദ്ധീൻ | : | അറബിക് (LP) |
| 3. | സിന്ധു | : | സംസ്കൃതം |
| 3. | രാജലക്ഷ്മി | : | ഹിന്ദി |
| 4. | മുഹമ്മദ് സ്വാലിഹ് | : | ഉറുദു |

# അക്കാദമിക് മാസ്റ്റർ പ്ലാൻ – 2025 – 2026

**ഓരോ അധ്യാപകർക്കും നൽകിയ ചുമതലകൾ**

**ചുമതലകൾ**

| | | |
|---|---|---|
| സ്റ്റാഫ് സെക്രട്ടറി | : | കല. സി.ബി |
| SRG കൺവീനർ | : | UP തലം: പ്രതീഷ്. ആർ<br>LP തലം: സബിത. പി. |
| സയൻസ് ക്ലബ്ബ് | : | പ്രിയ. കെ.എസ്., ശ്രുതി കെ.പി., സബിത.പി. |
| സാമൂഹ്യ ശാസ്ത്രം ക്ലബ്ബ് | : | ഹേമഷീജ.ബി, ദീപ്തി. എൻ., കാവ്യ.കെ |
| ഗണിത ക്ലബ്ബ് | : | പ്രതീഷ്.ആർ., സൗമ്യ.പി., സുജാത.പി.വി. |
| ഇംഗ്ലീഷ് ക്ലബ്ബ് | : | അപർണ.എൻ., ഐശ്വര്യ.എസ്., ഹസ്ന.വി.പി. |
| മലയാളം ക്ലബ്ബ് | : | രാജി.എം.സ്., കല.സി.ബി., മുബഷിറ.എ. |
| വിദ്യാരംഗം | : | രാജി. എം എസ്., ബീന.പി., നിവേദ്. എൻ. |
| ഹിന്ദി ക്ലബ്ബ് | : | നിർമ്മല പി.കെ., രാജലക്ഷ്മി. കെ |
| സംസ്കൃതം ക്ലബ്ബ് | : | സിന്ധു. പി. |
| അറബിക് ക്ലബ്ബ് | : | സൈനുൽ ആബിദീൻ എം.ടി |
| ഉറുദു ക്ലബ്ബ് | : | നൂറുദ്ദീൻഎം.ടി, മുഹമ്മദ് സ്വാലിഹ് കെ. |
| ലൈബ്രറി | : | അപർണ എൻ., രാജലക്ഷ്മി.കെ.,<br>വർഷ. കെ., ഹസ്ന.വി.പി. |
| ആരോഗ്യം, ശുചിത്വം ക്ലബ്ബ് | : | ഹേമഷീജ ബി., മുബഷിറ എ.,<br>ഫൗസിയ കെ.പി., ദീപ്തി എൻ., നിവേദ് എൻ<br>അപർണ്ണ, നൂറുദ്ദീൻ. |
| അച്ചടക്കം | : | സൈനുൽ ആിദീൻ എം.ടി, നൂറുദ്ദീൻ. എം.ടി,<br>രാജലക്ഷ്മി കെ., പ്രിയ കെ.എസ്.,<br>ഹസ്ന വി.പി., നിവേദ് എൻ, പ്രതീഷ് ആർ,<br>അശ്വതി. സി. |
| I T | : | ഐശ്വര്യ.എസ്., കാവ്യ.കെ. |
| പ്രവൃത്തി പരിചയം (W E) | : | ഹസ്ന വി.പി, ശ്രുതി കെ.പി, രാജി എം.എസ്,<br>സബിത.പി, വർഷ.കെ, അക്ഷയ എം, കാവ്യ കെ. |
| കലോത്സവം | : | നിർമ്മല പി.കെ, സൗമ്യ.പി., സിന്ധു പി.,<br>സുജാത പി.വി, കല സി.ബി.<br>സൈനുൽ ആബിദീൻ എം.ടി.,<br>നൂറുദ്ദീൻ എം.ടി, മുബഷിറ എ.,<br>ഐശ്വര്യ.എസ്., മുഹമ്മദ് സ്വാലിഹ്. കെ. |
| സ്പോർട്സ് | : | സൈനുൽ ആബിദീൻ എം.ടി, പ്രിയ കെ.എസ്.<br>രാജലക്ഷ്മി കെ., നിവേദ് എൻ,<br>മുഹമ്മദ് സ്വാലിഹ്. കെ., അക്ഷയ എം.,<br>വർഷ.കെ. |

# അക്കാദമിക് മാസ്റ്റർ പ്ലാൻ – 2025 – 2026

**അധ്യായം 5.**

## അവസ്ഥാ വിശകലനം:- (കുട്ടികളിൽ)

- ☆ അക്ഷരങ്ങളും ചിഹ്നങ്ങളും ഉറയ്ക്കാത്ത അവസ്ഥ.
- ☆ വ്യത്യസ്തങ്ങളായ വായനാ സാമഗ്രികളുടെ അഭാവം.
- ☆ വായനയും എഴുത്തും കേവലം പാഠപുസ്തകങ്ങളിൽ ഒതുങ്ങിനിൽക്കുന്നു.
- ☆ ക്ലാസ്സ് ലൈബ്രറി ക്രമീകരണത്തിന്റെ അപാകത.
- ☆ ചതുഷ്ക്രിയകൾ ചെയ്യുന്നതിനും, സംഖ്യാബോധം അറിയുന്നതിനുമുള്ള പ്രയാസം.
- ☆ ശാസ്ത്ര മനോഭാവം തിരിച്ചറിയുന്നതിലുള്ള പ്രയാസം.
- ☆ ലഘു പരീക്ഷണങ്ങളിലും നിരീക്ഷണങ്ങളിലും വിമുഖത കാണിക്കൽ.
- ☆ English ഭാഷ സ്വന്തം ആശയങ്ങൾക്കനുസരിച്ച് തെറ്റുകൂടാതെ പ്രകടിപ്പിക്കാനുള്ള പ്രയാസം.
- ☆ English Books Reading, Writing ഇവയോട് വിമുഖത കാണിക്കൽ.
- ☆ ചരിത്രപഠനം, സാമൂഹ്യ ശാസ്ത്രാവബോധം, പ്രാദേശിക ഉത്സവങ്ങൾ, ഭൂപട വായന തുടങ്ങിയവയിലൊക്കെ പിന്നോക്കം നിൽക്കുന്ന അവസ്ഥ


## ലക്ഷ്യങ്ങൾ

- ★ സ്വതന്ത്ര ചിന്തകൾക്കും രചനകൾക്കും സർഗ്ഗാത്മക പ്രകടനങ്ങൾക്കും വ്യത്യസ്ത വ്യവഹാര രൂപങ്ങളിലൂടേയും സന്ദർഭങ്ങളിലൂടേയും അവസരം നൽകൽ.
- ★ എഴുത്തും വായനയും തെറ്റുകൂടാതെ അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിച്ച് മികവുറ്റതാക്കൽ.
- ★ പാഠപുസ്തകങ്ങളിൽ ഒതുങ്ങിനിൽക്കാതെ ലൈബ്രറി, പത്രം, മാസികകൾ, ICT തുട ങ്ങിയവയെല്ലാം ഉപയോഗപ്പെടുത്തി വായന മെച്ചപ്പെടുത്തൽ.
- ★ പ്രാദേശിക ചരിത്ര ബോധം വളർത്തുക.
- ★ ഭൂപടവായനക്ക് ഊന്നൽ നൽകൽ.
- ★ ചരിത്രശേഷിപ്പുകൾ നശിപ്പിക്കാതെ വരും തലമുറക്ക് പകർന്നു നൽകൽ.
- ★ ICT സാധ്യത ഉപയോഗിച്ച് സാമൂഹ്യ ശാസ്ത്രപരമായ അറിവുകൾ നൽകൽ, അഭിരുചി വളർത്തൽ.
- ★ പഠനയാത്രകൾ, ഫീൽഡ് ട്രിപ്പുകൾ എന്നിവ സംഘടിപ്പിക്കൽ.
- ★ ഗണിതപഠനം കളികളിലുടെയും മറ്റും ലളിതവും രസകരവുമാക്കുക. (ഗണിതവിജയം, ഉല്ലാസഗണിതം, ഇവ ഗണിതപഠനത്തിൽ ഉൾപ്പെടുത്തുക.)
- ★ ഗണിതപഠനത്തിൽ രക്ഷിതാക്കളുടെ പിന്തുണ ഉറപ്പുവരുത്തുക.
- ★ സംഖ്യാബോധം, ചതുഷ്ക്രിയകൾ, പ്രായോഗിക പ്രശ്നങ്ങൾ, തുടങ്ങിയവയിൽ സാ ധനസാമഗ്രികൾ, ICT തുടങ്ങിയവയുടെ ഉപയോഗത്തിലൂടെ കൂടുതൽ ആസ്വാദ്യക രവും, ലളിതവും, താല്പര്യം ജനിപ്പിക്കുന്നതും ആക്കുക.
- ★ എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായ രീതിയിൽ വായിക്കാനും എഴുതാനും സംസാരിക്കുന്നതിനും ഉള്ള ശേഷി വികസിപ്പിക്കൽ.

# അക്കാദമിക് മാസ്റ്റർ പ്ലാൻ – 2025 – 2026

- Games, ICT തുടങ്ങിയവയിലൂടെ ഇംഗ്ലീഷ് ഭാഷയിലുള്ള അഭിരുചി വളർത്തൽ.
- ഇംഗ്ലീഷ് അസംബ്ളി, ബാലസഭ, ഇംഗ്ലീഷ് ഫെസ്റ്റ് ഇവ നടത്തി English Activitiesന് കൂടുതൽ ഊന്നൽ നൽകൽ.
- കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുന്ന തരത്തിലുള്ള പരീക്ഷണങ്ങൾ, നിരീക്ഷണങ്ങൾ ഇവയിൽ ഏർപ്പെടൽ.
- പ്രകൃതിയേയും പരിസരത്തേയും അടുത്തറിയാൻ അവസരമൊരുക്കൽ.
- ICT സാധ്യത ഉപയോഗിച്ച് ശാസ്ത്ര പഠനം എളുപ്പമാക്കൽ.
- ശാസ്ത്ര മൂലയൊരുക്കി ശാസ്ത്ര പഠനം ആസ്വാദ്യകരമാക്കൽ.

- **കുട്ടികളെ മൂന്നായി തരം തിരിച്ച് TOOL തയ്യാറാക്കൽ.**
  - മെച്ചപ്പെട്ടത്
  - ഇനിയും മെച്ചപ്പെടേണ്ടത്
  - പിന്നോക്കം നിൽക്കുന്നവർ



# അക്കാദമിക് മാസ്റ്റർ പ്ലാൻ – 2025 – 2026

## ജൂൺ 2025

### 1. വായനാദിനം

സ്കൂൾ പ്രവർത്തനങ്ങൾ

- പി എൻ പണിക്കർ അനുസ്മരണം
- പ്രത്യാക അസംബ്ലി
- വായനദിന പ്രതിജ്ഞ, പ്രസംഗം
- പാട്ടുകൾ അവതരണം
- ഓരോ ക്ലാസിലും വായന മൂല സജ്ജീകരിക്കൽ
- പുസ്തക തൊട്ടിൽ പുസ്തകങ്ങൾ നിക്ഷേപിക്കൽ
- "അക്ഷരക്കൂട പ്രവർത്തനം"
  – കുട്ടികൾ വായിച്ച പുസ്തകങ്ങളുടെ വായനക്കുറിപ്പ് ആസ്വാദനക്കുറിപ്പ് അക്ഷരക്കൂടയിൽ നിക്ഷേപിക്കൽ
  –മികച്ചവ കണ്ടെത്തി സമ്മാനം നൽകൽ
  –പതിപ്പ് രൂപീകരിക്കൽ
- ഓരോ ഭാഷയിലും വായനാദിനം പോസ്റ്റർ വായന ക്വിസ് സംഘടിപ്പിക്കൽ
  –വിജയികളെ കണ്ടെത്തി സമ്മാനം നൽകൽ
- ക്ലാസ് തലത്തിലും, ഭാഷാതലത്തിലും വായനാദിന പതിപ്പ് നിർമ്മാണം മികച്ചവ കണ്ടെത്തൽ
- ഒരു മാസം നീളുന്ന വളരുന്ന അക്ഷരം മരം നിർമ്മിക്കൽ
- വായന മത്സരം (വിവിധ ഭാഷകളിൽ മികച്ചവക്ക് സമ്മാനം നൽകൽ)
- അടുത്തുള്ള ലൈബ്രറി സന്ദർശനം
  (ലൈബ്രറിയെ പരിചയപ്പെടൽ, ചോദ്യാവലി നൽകൽ– പുസ്തകങ്ങൾ പരിചയപ്പെടൽ)

### 2. പരിസ്ഥിതി ദിനം ജൂൺ 5

- ☐ പ്രത്യേക അസംബ്ലി
- ☐ പരിസ്ഥിതി ദിന പ്രതിജ്ഞ
- ☐ വൃക്ഷത്തൈ വിതരണം
  ഉദ്ഘാടനം:
- ☐ ബോധവൽക്കരണ ക്ലാസ്
- ☐ വൃക്ഷത്തൈ നടൽ (സമീപ വീടുകളിലും, വിദ്യാലയത്തിലും)
- ☐ പച്ചക്കറി തോട്ട നിർമ്മാണം
- ☐ ജൈവവൈവിധ്യ ഉദ്യാന നിർമ്മാണം
- ☐ പരിസ്ഥിതി ദിന ക്വിസ് മത്സരം
- ☐ പോസ്റ്റർ നിർമ്മാണം
- ☐ "ചങ്ങാതിക്കൊരു തൈ" പദ്ധതി

# അക്കാദമിക് മാസ്റ്റർ പ്ലാൻ – 2025 – 2026

## 3. ദേശീയ യോഗ ദിനം ജൂൺ 21

- വീഡിയോ പ്രദർശനം
- യോഗ പരിശീലന ക്ലാസ്സ്
- ബോധവൽക്കരണ ക്ലാസ്

## 4. ലോക ലഹരി വിരുദ്ധ ദിനം

- സ്പെഷ്യൽ അസംബ്ലി
- ബോധവൽക്കരണ ക്ലാസ്
- ലഹരിക്കെതിരെ വിരൽ ചാർത്ത്
- സുംബ ഡാൻസ്
- അവതരണം: ലഹരി വിരുദ്ധ ദിന ക്വിസ് & പോസ്റ്റർ നിർമ്മാണം
- ഫ്ളാഷ് മോബ്

# ജൂലായ്

## 1. ജൂലൈ 5 ബഷീർ ദിനം

സ്കൂൾ പ്രവർത്തനങ്ങൾ

- ബഷീർ കൃതികളിലെ കഥാപാത്രങ്ങളുടെ വേഷവിധാനങ്ങൾ അവതരിപ്പിക്കൽ
- ബഷീർ കൃതികൾ കുട്ടികൾക്ക് പരിചയപ്പെടുത്തൽ
- പോസ്റ്റർ നിർമ്മാണം
- പതിപ്പ് രൂപീകരിക്കൽ

## ജൂലൈ 11 ലോക ജനസംഖ്യ ദിനം

★ ജനസംഖ്യ അനുദിനം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ജനസംഖ്യ വർദ്ധനവ് രാഷ്ട്രത്തിന് ഗുണമ ദോഷമോ എന്ന് വിഷയത്തിൽ പ്രസംഗം സംഘടിപ്പിക്കൽ

## ജൂലൈ 21 ചാന്ദ്രദിനം

- ബഹിരാകാശ സഞ്ചാരികളുടെ വേഷവിധാനങ്ങളോടുകൂടി പ്രത്യേക അസംബ്ലി
- ചാന്ദ്രദിന ക്വിസ് മത്സരം സംഘടിപ്പിക്കൽ
- റോക്കറ്റ് നിർമ്മാണം, പോസ്റ്റർ പതിപ്പ് നിർമ്മാണം
- ഓരോ ക്ലാസിലും ബഹിരാകാശ യാത്രകളുടെ വീഡിയോ പ്രദർശനം

# അക്കാദമിക് മാസ്റ്റർ പ്ലാൻ – 2025 – 2026

## ഓഗസ്റ്റ്

സ്കൂൾതല പ്രവർത്തനങ്ങൾ

### 1. ഓഗസ്റ്റ് 6 ഹിരോഷിമ ദിനം

★ യുപി തലത്തിൽ ക്ലാസുകളിൽ യുദ്ധവിരുദ്ധ മുദ്രാവാക്യ നിർമ്മാണവും പ്ലക്കാർഡ് നിർമ്മാണവും ചെയ്യുക. ഇതിനോടനുബന്ധിച്ച് സ്കൂൾ ചുറ്റുപാടിലൂടെ ഒരു റാലി സംഘടിപ്പിക്കൽ

### 2 ഓഗസ്റ്റ് 9 നാഗസാക്കി ദിനം

★ സോഷ്യൽ സയൻസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ നാഗസാക്കിപ്പതിപ്പും വീഡിയോയും തയ്യാറാക്കി
★ ക്ലാസ് തലങ്ങളിൽ സഡാക്കോ കൊക്ക് നിർമ്മാണം, പ്രസംഗ മത്സരം, ക്വിസ് തുടങ്ങിയവ

### 3. ഓഗസ്റ്റ് 9 സംസ്കൃത ദിനം

★ ഈ ദിനത്തിന്റെ ഭാഗമായി കയ്യെഴുത്ത് മത്സരം, വായനാ മത്സരം, പോസ്റ്റർ രചന, സ്പെഷ്യൽ അസംബ്ലി, രാമായണ പ്രശ്നോത്തരി തുടങ്ങിയവ നടത്തുന്നു

### 4. ഓഗസ്റ്റ് 15 സ്വാതന്ത്ര്യദിനം

★ എൽ പി തലത്തിൽ സ്വാതന്ത്ര്യ സമര സേനാനികളുടെ വേഷം ധരിച്ച് കുട്ടികൾ വീര പരിവേഷം ചാർത്തി
★ കുട്ടികളുടെ ഫ്ളാഷ് മോബ്, ദേശഭക്തിഗാന മത്സരം
★ പതിപ്പ് നിർമ്മാണം (ക്ലാസ് തലം)
★ വിവിധ മഹത് വ്യക്തികളെ അനുകരിക്കൽ

### 5. ഓഗസ്റ്റ് 17 കർഷക ദിനം

★ മലയാള വർഷാരംഭമായ ചിങ്ങം ഒന്ന് കർഷക ദിന സന്ദേശം നൽകി
★ കർഷകനെ ആദരിക്കൽ, കൃഷിപ്പാട്ട്, നാടൻപാട്ട്, തുടങ്ങിയവ കുട്ടികൾ ആലപിച്ചു
★ കുട്ടികൾ കൃഷി ചെയ്യുന്ന ദൃശ്യങ്ങളും, സ്കൂളിലെ കൃഷിയും മറ്റു പരിപാടികളും ഉൾപ്പെടുത്തി ഒരു വീഡിയോ തയ്യാറാക്കുക

### 6. ഓഗസ്റ്റ് 28 അയ്യങ്കാളി ജയന്തി

★ കുട്ടികളിൽ കേരള നവോത്ഥാനത്തെക്കുറിച്ച് ഒരു അവബോധം ഉണ്ടാക്കുന്നതിന് ഈ ദിനം ഉപയോഗിച്ചു.
★ ക്ലാസ് തലത്തിൽ പതിപ്പ് നിർമ്മാണം
★ മഹത് വചനങ്ങൾ എഴുതി പ്രദർശിപ്പിക്കൽ

# അക്കാദമിക് മാസ്റ്റർ പ്ലാൻ – 2025 – 2026

## സെപ്റ്റംബർ

### 1. സെപ്റ്റംബർ 5 അധ്യാപകദിനം

- കുട്ടികൾക്ക് അധ്യാപകരെ പോലെ ക്ലാസ് എടുക്കാൻ അവസരം നൽകുന്നു
- ജെ. ആർ. സി. അംഗങ്ങൾ അധ്യാപകരെ ആദരിക്കുന്നു

### സെപ്റ്റംബർ 8 അന്താരാഷ്ട്ര സാക്ഷരത ദിനം

- സ്കൂളിലെ എല്ലാ കുട്ടികളെയും എഴുത്തിലും വായനയിലും മുൻപന്തിയിൽ എത്തിക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുന്നു

### 3. സെപ്റ്റംബർ 14 ദേശീയ ഹിന്ദി ദിനം

- ഹിന്ദി അസംബ്ലി
- പോസ്റ്റർ നിർമ്മാണം
- വായന മത്സരം
- ഹിന്ദി പതിപ്പ്
- ഹിന്ദി ക്വിസ്

### 4. സെപ്റ്റംബർ 16 ഓസോൺ ദിനം

- പോസ്റ്റർ രചനാ മത്സരം
- പതിപ്പ് നിർമ്മാണം
- ഹിന്ദി ക്വിസ്

### 5. സെപ്റ്റംബർ 28 പേവിഷ വിരുദ്ധ ദിനം

- ബോധവൽക്കരണം

# അക്കാദമിക് മാസ്റ്റർ പ്ലാൻ – 2025 – 2026

## ഒക്ടോബർ

### സ്കൂൾ പ്രവർത്തനങ്ങൾ

- ✦ സേവനവാരം ജെ. ആർ. സി. അംഗങ്ങളെയും 3-7 ക്ലാസിലെ ഹരിത സഭ അംഗങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് സ്കൂൾ, വരാന്ത പരിസരങ്ങൾ വൃത്തിയാക്കുന്നു
- ✦ ഒക്ടോബർ രണ്ടിന് പ്രത്യേക അസംബ്ലി കൂടുന്നു
- ✦ ഗാന്ധിയെ അറിയാം - ഗാന്ധിവേഷം ധരിച്ച് സ്കൂൾ അസംബ്ലിയിൽ അവതരണം
- ✦ ഗാന്ധിജിയെ കുറിച്ചുള്ള പത്ര കട്ടിങ്ങുകളുടെ പ്രദർശനം
  ക്ലാസ് തലം/ സ്കൂൾ തലം
- ✦ ഗാന്ധി ക്വിസ്
- ✦ ഗാന്ധിയുടെ ജീവിത അനുഭവങ്ങൾ സ്കിറ്റ് തയ്യാറാക്കുന്നു
- ✦ ഗാന്ധി സന്ദേശങ്ങൾ - പോസ്റ്റർ മത്സരം
- ✦ 1,2 ക്ലാസുകളിലെ കുട്ടികൾക്ക് ഗാന്ധി പാട്ടുകൾ - അവതരണം ഗാന്ധി രചന കാർഡുകൾ അവതരണം ഒന്ന് രണ്ട് ക്ലാസ്സുകാർക്ക്

### ഒക്ടോബർ 11 ലോക കാഴ്ച ദിനം

കുട്ടികൾക്കായി സ്കൂളിൽ ഒരു നേത്ര പരിശോധന ക്യാമ്പ് നടത്തുന്നു

# നവംബർ

## സ്കൂൾതല പ്രവർത്തനങ്ങൾ

### നവംബർ 1 കേരളപ്പിറവി

- കേരള ഭൂപടം പൂക്കൾ കൊണ്ട് നിറയ്ക്കൽ,
- മലയാളിമങ്ക മത്സരം,
- ക്ലാസ് തലത്തിൽ കേരളപ്പിറവിയുടെ പതിപ്പ് നിർമ്മാണം,
- 1, 2 ക്ലാസുകളിൽ കേരള ഭൂപടത്തിന് നിറം നൽകൽ മത്സരം

### നവംബർ 7 സി വി രാമൻ ദിനം

- ക്വിസ് മത്സരം നടത്തൽ

### നവംബർ 9 ലോകഉറുദുദിനം

- സ്പെഷ്യൽ അസംബ്ലി,
- ഉറുദു പഠിക്കുന്ന കുട്ടികളുടെ മാഗസിൻ പ്രകാശനം,
- ഉറുദുഭാഷ പ്രചരണം.

### നവംബർ 26 ഭരണഘടനാ ദിനം

- ഭരണഘടനാ പരിചയം,
- ഭരണഘടന ബോധവൽക്കരണ വീഡിയോ പ്രദർശനം

### നവംബർ 14 ശിശുദിനം

- ചാച്ചാജി പാട്ട് അവതരണം
- വലയം സൃഷ്ടികൾ / പോസ്റ്റർ നിർമ്മാണം

# അക്കാദമിക് മാസ്റ്റർ പ്ലാൻ – 2025 – 2026

## ഡിസംബർ

**ഡിസംബർ 1 ലോക എയ്ഡ്സ് ദിനം**

- പ്രവർത്തനങ്ങൾ
- ബോധവൽക്കരണം
- പോസ്റ്റർ നിർമ്മാണം
- റാലി

**ഡിസംബർ 22 ശ്രീനിവാസ രാമാനുജൻ ജന്മദിനം (ദേശീയ ഗണിതശാസ്ത്ര ദിനം)**

- പ്രവർത്തനങ്ങൾ
- ഗണിത മാഗസിൻ പ്രകാശനം
- ഗണിത അസംബ്ലി
- ഗണിത പ്രദർശനം
- ഗണിത ക്വിസ്
- ജ്യോമെട്രിക് ചാർട്ട് മത്സരം

# ജനുവരി

**ജനുവരി 1** : **പുതുവത്സര ദിനം**
- കലോത്സവ വിളംബരം (3, 7)

**ജനുവരി 10** : **ലോക ഹിന്ദി ദിനം**
- ഹിന്ദി ഭാഷാ പ്രചരണം

**ജനുവരി 12** : **ദേശീയ യുവജന ദിനം**
- വ്യായാമം, കായിക പ്രവർത്തനം എന്നിവയുടെ
- പ്രാധാന്യം സംബന്ധിച്ച് പ്രചരണ റാലി

**ജനുവരി 15** : **അൽ മാഹിർ അറബിക് ടാലന്റ് പരീക്ഷ**

**ജനുവരി 24** : **ദേശീയ ബാലിക ദിനം**

**ജനുവരി 25** : **ദേശീയ വിനോദസഞ്ചാര ദിനം**

**ജനുവരി 26** : **റിപ്പബ്ലിക് ദിനം**
- പതാക ഉയർത്തൽ
- അസംബ്ലി
- മധുരപലഹാര വിതരണം

**ജനുവരി 27** : **കുടുംബ സാക്ഷരത ദിനം (വയോജന സംഗമം)**

**ജനുവരി 30** : **രക്തസാക്ഷി ദിനം (ഗാന്ധി സംരക്ഷണം)**

# അക്കാദമിക് മാസ്റ്റർ പ്ലാൻ – 2025 – 2026

## ഫെബ്രുവരി

### ഫെബ്രുവരി-15 ദേശീയ ഉറുദു ദിനം

- 5, 6, 7 ക്ലാസിലെ ഉറുദു പഠിക്കുന്ന കുട്ടികളുടെ പതിപ്പ് തയ്യാറാക്കുന്നു.
- ഫെബ്രുവരി 15 ദിനത്തോടനുബന്ധിച്ച് ഉറുദു അസംബ്ലി, ഉറുദു ക്വിസ് തുടങ്ങിയവ സംഘടിപ്പിക്കുന്നു, അക്ഷരമരം തയ്യാറാക്കുന്നു

### ഫെബ്രുവരി 21 - അന്താരാഷ്ട്ര മാതൃഭാഷ ദിനം

- മാതൃഭാഷയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള പ്രത്യേക അസംബ്ലി
- 
- 5, 6, 7 ക്ലാസുകളിലെ മലയാളം കുട്ടികളുടെ രചനാപതിപ്പ്

- 'ഒരു നിമിഷം' എന്ന പേരിൽ ഒരു മത്സരം സംഘടിപ്പിക്കുന്നു.

(കുട്ടികൾ 1 മിനിറ്റ് വാക്കുകളുടെ ആവർത്തനവും വ്യാകരണ പിഴവും അന്യഭാഷ ഉദ്ധരണിയും ഇല്ലാതെയും അതുപോലെതന്നെ സംസാരത്തിൽ ഇടവേള ഇല്ലാധയും വിഷയാധിഷ്ഠിതമായി സംസാരിക്കൽ)

### ഫെബ്രുവരി 28 ദേശീയ ശാസ്ത്ര ദിനം

- കുട്ടികൾക്ക് വിവിധ ശാസ്ത്രജ്ഞന്മാരെ പരിചയപ്പെടുത്തൽ
- ശാസ്ത്ര ക്ലബ്ബിന്റെ നേതൃത്വത്തിൽ ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടൽ

# മാർച്ച്

**സ്കൂൾ പ്രവർത്തനങ്ങൾ**

## മാർച്ച് 21 ലോക വന ദിനം

## മാർച്ച് 22 ജലദിനം

- പ്രത്യേക അസംബ്ലി നടത്തുന്നു
- വന സംരക്ഷണത്തെക്കുറിച്ചും ജലസംരക്ഷണത്തെക്കുറിച്ചും ബോധവൽക്കരണം നടത്തുന്നു.
- പോസ്റ്റർ നിർമ്മാണം
- വിത്തുബോളുകൾ നിക്ഷേപിക്കൽ
- പതപ്പ് നിർമ്മാണം
  (ജലം, വനം ഇവയുമായി ബന്ധപ്പെട്ട കവിത, കഥ ,കുറിപ്പ്, ചിത്രങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച്)
- ജലസംരക്ഷണവുമായി ബന്ധപ്പെട്ട ബോർഡുകൾ സ്കൂളിൽ സ്ഥാപിക്കൽ

# അക്കാദമിക് മാസ്റ്റർ പ്ലാൻ – 2025 – 2026

# ENGLISH

## ACTIVITIES FROM JUNE TO FEBRUARY

**പ്രവർത്തനം**

**Follow Me If You Can**

ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു.

**പ്രവർത്തനം**

**English Assembly**

മാസം 1

conducted by English club.

**പ്രവർത്തനം**

**Weekened English Club Activities**

എല്ലാ ശനിയാഴ്ചകളിലും ഛിഹശില ആയി ംവമമ്യെു വഴി പ്രവർത്തനം നൽകുന്നു.

**പ്രവർത്തനം**

**Know Your English**

English ഭാഷയിൽ പുറകിൽ നിൽക്കുന്ന കുട്ടികൾക്ക് ക്ലാസ് നൽകുന്നു.
(എല്ലാ ആഴ്ചയിലും ഒരു ദിവസം)

**പ്രവർത്തനം**

**I TOO CAN.**

വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരി ക്കുന്നു തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു.
(മാസത്തിൽ ഒരു തവണ)

## ACTIVITIES Year End JANUARY TO MARCH

**പ്രവർത്തനം**

English Fest.

കുട്ടികളുടെ വിവിധ പ്രവർത്തനങ്ങൾ ഉൾപെടുത്തി വർഷാവസാനം English Fest നടത്തുന്നു

**പ്രവർത്തനം**

My Little World

കുട്ടികളുടെ കലാ സൃഷ്ടി ഉൾപെടുത്തി ക്ലാസ് മാഗസിൻ മിനി ഡിക്ഷണറി എന്നിവ തയ്യാറാക്കുന്നു.
(വർഷാവസാനം)

# അക്കാദമിക് മാസ്റ്റർ പ്ലാൻ – 2025 – 2026

# ഗണിത ശാസ്ത്രം

**ആമുഖം:**

ഒരു വ്യക്തിയുടെ ജീവിത വിജയത്തിൽ.ഗണിതശാസ്ത്രത്തിന്റെ പ്രാധാന്യം വളരെ വലുതാണ. എന്നത് നിസ്തർക്കമായ കാര്യമാണല്ലോ? ഗണിതം ഐശ്ചിക വിഷയമായി പഠിക്കുന്നില്ലെങ്കിൽ പോലും ഗണിതപരമായ അറിവിന്റെ കുറവ് ആ വ്യക്തിയെ പിന്നോട്ടടിക്കും എന്നതിൽ സംശയമില്ല. അത്യാവശ്യം ഗണിതശേഷിയും, ചതുഷ്ക്രിയകൾ കൈകാര്യം ചെയ്യുന്നതിനുള്ള കഴിവും ചെറുപ്പം മുതൽ തന്നെ ഉണ്ടാക്കി എടുക്കേണ്ട ഒരു കാര്യമാണ് . അത് കുട്ടികളിൽ എത്തിക്കുക എന്നത് തന്നെയാണല്ലോ വിദ്യാലയത്തിന്റെയും, അധ്യാപകരുടേയും കടമ. ഈ പ്രധാനലക്ഷ്യം മുൻനിർത്തി കുട്ടിയിൽ ചതുഷ് ക്രിയയിൽ അത്യാവശ്യം പ്രാവിണ്യം ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെ 'ഗണിതം മധുരം' എന്ന പദ്ധതിക്ക് രൂപം നൽകുകയാണ്. ഓരോ ക്ലാസിലും ഗണിത ശേഷി അളക്കുവാൻ തക്കവിധത്തിലുള്ള പ്രവർത്തനങ്ങൾ നൽകി അതിൽ പിന്നോക്കം നിൽക്കുന്നവരെ കണ്ടെത്തി അവർക്ക് പ്രത്യേക പരിശീലനം നൽകുക എന്നതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്.

**ലക്ഷ്യങ്ങൾ**

ഓരോ കുട്ടിയിലും അത്യാവശ്യം വേണ്ട ഗണിതശേഷികളും, ചതുഷ്ക്രിയകളുടെ കൈകാര്യവും ഉണ്ടാക്കി എടുക്കുക

## ഗണിതം മധുരം

## പ്രവർത്തന പദ്ധതി

## ജൂൺ

ഗണിതശേഷി അളക്കുന്നതിനായി ഒരു Pretest നടത്തുന്നു. ഇതിൽ ഗണിതപരമായി പിന്നോക്കം നിൽക്കുന്നവരെ പ്രായത്തിന്റെയും ക്ലാസുകളുടെയും അടിസ്ഥാനത്തിൽ ഗ്രൂപ്പുകളാക്കുന്നു . ഓരോ ഗ്രൂപ്പിനോടും കാര്യങ്ങൾ വിശദീകരിക്കുന്നു. SRG യിൽ അവതരിപ്പിക്കുന്നു. രക്ഷിതാക്കളെ ബോധ്യപ്പെട്ടത്തുന്നു . തുടർപ്രക്രിയയാണെന്ന് ബോധിപ്പിച്ച് കുട്ടികളെ സജ്ജരാക്കുന്നു.

## ജൂലൈ

- സംഖ്യാബോധം പരിശോധിക്കുന്ന തരത്തിലുള്ള ചിത്രങ്ങൾ, വാചകങ്ങൾ എന്നിവ നൽകുന്നു.
- താരതമ്യം ചെയ്യാൻ പയുന്നു.
- കുട്ടികളെ കൊണ്ട് തമ്മിൽ തമ്മിൽ താരതമ്യം ചെയ്യിക്കുന്നു. അവരെ കൊണ്ട് തന്നെ കഴിയുന്നതും ശരികണ്ടെത്തുന്നു .
- തുടർന്ന് അധ്യാപകൾ ഇടപെടുന്നു.
- കുട്ടിയെ കാര്യങ്ങൾ ബോധ്യപ്പെടുത്തുന്നു.
- തുടർ പ്രവർത്തനങ്ങൾ നൽകുന്നു.
  (വലുത് ചെറുത് കണ്ടെത്തൽ, ചേരും പടി ചേർക്കൽ)

# അക്കാദമിക് മാസ്റ്റർ പ്ലാൻ – 2025 – 2026

## ആഗസ്റ്റ്

- ☐ ചതുഷ്ക്രിയകളിലെ സങ്കലനം ഉറപ്പിക്കുന്ന പ്രവർത്തനങ്ങൾ. ഒരേ ഇനത്തിന്റെ 2 ചിത്രങ്ങൾ കാണിച്ച് ആകെ എണ്ണം എത്ര എന്ന രീതിയിൽ
- ☐ ജീവിത സന്ദർദങ്ങൾ (കടയിൽ പോക്ക്) അവതരിപ്പിക്കുന്നു.
- ☐ വർക്ക്ഷീറ്റ് നൽകി സങ്കലനം ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു
- ☐ കുട്ടികൾ സ്വയം പരിശോധിക്കുന്നു
- ☐ അധ്യാപകർ പരിശോധിക്കുന്നു
- ☐ ICT, TLM സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു.
- ☐ തുടർപ്രവർത്തനങ്ങൾ നൽകുന്നു.

## സെപ്തംബർ

- ❖ വ്യവകലനം ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു.
- ❖ സങ്കലനത്തിന് നൽകിയ ചിത്രങ്ങൾ തന്നെ നൽകി വ്യത്യാസം കണ്ടെത്താൻ പയുന്നു .
- ❖ ജീവിതസന്ദർഭങ്ങൾ (പണമിടപാടുകൾ) അവതരിപ്പിക്കുന്നു.
- ❖ വർക്ക്ഷീറ്റ് നൽകി വ്യവകലനം ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽക്കുന്നു .
- ❖ കുട്ടികൾ സ്വയം പരിശോധിക്കുന്നു .
- ❖ അധ്യാപകർ പരിശോധിക്കുന്നു .
- ❖ ICT, TLM സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു.
- ❖ തുടർപ്രവർത്തനങ്ങൾ നൽകുന്നു.

## ഒക്ടോബർ

- ➲ സങ്കലനം, വ്യവകലനം ഇവ ഇടകലർത്തിയുള്ള പ്രവർത്തനങ്ങൾ നൽകുന്നു
- ➲ പണമിടപാടുകൾ, കടയിൽ പോക്ക്, ചിത്രങ്ങൾ കാണിക്കൽ തുടങ്ങിയ സന്ദർദങ്ങൾ ഉപയോഗിക്കാം
- ➲ വർക്ക്ഷീറ്റുകൾ നൽകുന്നു
- ➲ കുട്ടികളെകൊണ്ട് സ്വയം പരിശോധിപ്പിക്കുന്നു.

## നവംബർ

- ♦ മടങ്ങ് എന്ന ആശയം ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനം നൽകുന്നു.
- ♦ ചിത്രങ്ങൾ, ചാർട്ടുകൾ എന്നിവ നൽകി കൂടുതൽപ്രവർത്തനങ്ങൾ കൊടുക്കുന്നു
- ♦ വർക്ക്ഷീറ്റ് നൽകുന്നു.
- ♦ കുട്ടികൾ സ്വയം വിലയിരുത്തുന്നു
- ♦ അധ്യാപകൻ വിലയിരുത്തുന്നു
- ♦ ICT, TLM സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു.
- ♦ തുടർപ്രവർത്തനങ്ങൾ നൽകുന്നു .

# അക്കാദമിക് മാസ്റ്റർ പ്ലാൻ – 2025 – 2026

## ഡിസംബർ

- ഭാഗം എന്ന ആശയം ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു
- ചിത്രങ്ങൾ, ചാർട്ടുകൾ ഉപയോഗിക്കുന്നു.
- താരതമ്യം ചെയ്യിക്കുന്നു .
- വർക്ക് ഷീറ്റുകൾ നൽകുന്നു ..
- ICT, TLM സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു.
- തുടർപ്രവർത്തനങ്ങൾ നൽകുന്നു.

## ജനുവരി

- മടങ്ങും-ഭാഗവും വ്യക്തമാക്കുന്ന പ്രവർത്തനങ്ങൾ നൽകുന്നു.
- താരതമ്യം ചെയ്യിക്കുന്നു .
- മുൻപ് ഉപയോഗിച്ച ചിത്രങ്ങളും ചാർട്ടുകളും പ്രയോജനപ്പെടുത്തുന്നു.
- വർക്ക്ഷീറ്റുകൾ നൽകുന്നു
- ICT, TLM സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു.

## ഫെബ്രുവരി

ചതുഷ്ക്രിയകളെ കുറിച്ചുള്ള ധാരണ കുട്ടിയിൽ എത്തിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുന്ന പ്രവർത്തനങ്ങൾ, ആദ്യമാസങ്ങളിൽ നൽകിയവ ഉൾപ്പെടെ നൽകുന്നു. ഓരോ മേഖലകളെപ്പറ്റി വ്യക്തത ഉണ്ടാക്കിക്കൊടുക്കുന്നു. അതനുസരിച്ച് പ്രവർത്തനങ്ങൾ നൽകുന്നു.

## മാർച്ച്

- ഓരോ കുട്ടിയും ഗണിത ശേഷിയും, ചതുഷ് ക്രിയകളിൽ പ്രാവിണ്യവും നേടി എന്ന പ്രഖ്യാപനം നടത്തുവാൻ വേണ്ടി PTA ചേരുന്നു.
- ഗണിത ശേഷിയുടെ പ്രാധാന്യത്തെ കുറിച്ച് വിവരിക്കുന്നു.
- മികച്ച പ്രവർത്തനങ്ങൾ അവതരിപ്പിക്കുന്നു.
- കുട്ടിക്കട, പ്രദർശനം തുടങ്ങിയവ തയ്യാറാക്കുന്നു.

# അക്കാദമിക് മാസ്റ്റർ പ്ലാൻ – 2025 – 2026

# മലയാളം

**ആമുഖം:-** ഓരോ കുട്ടിയുടേയും സമഗ്ര വികസനമാണ് ഓരാ രക്ഷിതാവും ഓരോ അധ്യാപകനും ആഗ്രഹിക്കുന്നത്. കുട്ടികളുടെ ശാരീരികവും മാനസികവും വൈജ്ഞാനികവുമായ നേട്ടങ്ങൾ കൈവരിക്കുന്നതിനാവശ്യമായ ഇടപെടലുകളാണ് നാം ലക്ഷ്യമിടുന്നത്. ഈ അധ്യയന വർഷം ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും വിവിധ സാധ്യതയുള്ളതുമായ പദ്ധതികളാണ് അതിനായി ഇവിടെ ആസൂത്രണം ചെയ്യുന്നത്.

ലക്ഷ്യം: സ്കൂളിലെ മുഴുവൻ കുട്ടികളെയും തെറ്റില്ലാതെ വായിക്കാനും എഴുതാനും പരിശീലിപ്പിക്കൽ. (ഭാഷാപരമായ പിന്നോക്കാവസ് പരിഹരിക്കൽ).

ചുമതല:- മലയാളം അധ്യാപകർ, ക്ലബ്ബ് അംഗങ്ങൾ, HM

## പദ്ധതിയുടെ പേര് :
## ‘മധുരം മലയാളം’

## ജൂൺ

- പ്രീ ടെസ്റ്റ് നടത്തി കുട്ടികളെ തിരിച്ചറിയുന്നു. (ആദ്യ ആഴ്ച)
- അവലോകനം നടത്തി, വിവിധ നിലവാരക്കാരെ കണ്ടെത്തുന്നു.,
- CPTA കൾ നടത്തി രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു.
- SRG യിൽ അവതരിപ്പിക്കുന്നു.
- SRG മുഖേന ഓരോ നിലവാരക്കാർക്കും അനുയോജ്യമായ പ്രവർത്തനങ്ങൾ രൂപകല്പന ചെയ്യുന്നു. (അക്ഷരക്കാർഡുകൾ, പദക്കാർഡുകൾ, വാക്യക്കാർഡുകൾ, ചെറിയ കഥകൾ, കവിതകൾ, ചിത്രങ്ങൾ, ICT സാധ്യതകൾ).
- ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന വരെ പ്രത്യേകമായ പരിഗണിച്ച് ഗ്രൂപ്പുകളാക്കി CIP തലത്തിലും LP തലത്തിലും പ്രത്യേക ക്ലാസ്സുകൾ നൽകാൻ SRG യിൽ തിരുമാനിക്കുന്നു
- അക്ഷരം, പദം, വാക്യം, ചിത്രം എന്നിവയിലധിഷ്ഠിതമായ ചെറിയ ചെറിയ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്നു...

# അക്കാദമിക് മാസ്റ്റർ പ്ലാൻ – 2025 – 2026

## ജൂലായ്

ചിത്രങ്ങൾ, ചെറിയ ചെറിയ വീഡിയോകൾ പ്രദർശിപ്പിക്കുന്നു.
കണ്ടകാര്യങ്ങൾ പറയുവാനാവശ്യപ്പെടുന്നു.
ഓരോന്നിൻെറ പേരുകൾ എഴുതുവാനാവശ്യപ്പെടുന്നു. (NB യിൽ)
കുട്ടിയും അധ്യാപകനും പരിശോധിക്കുന്നു.
അധ്യാപകൻ B.B യിലോ ചാർട്ടിലോ രേഖപ്പെടുത്തന്നു.
കുട്ടി തെറ്റു തിരിച്ചറിഞ്ഞ് ശരിയാക്കുന്നു.
വായന
ഓരോ വാക്കിന്റെ പദസൂര്യൻ നിർമ്മിക്കുന്നു.

വാക്കുകൾ ഉപയോഗിച്ച് ചെറിയ വാക്യങ്ങൾ നിർമ്മിക്കുന്നു. വാക്യങ്ങളെ വിപുലീകരിക്കുന്നു.

## ആഗസ്റ്റ്

- ☐ ഡിജിറ്റൽ സാധ്യത ഉപയോഗിച്ചും ചെറിയ കഥാപുസ്തകങ്ങൾ നൽകിയും കഥ കേൾക്കാനും, വായിക്കാനും ഉള്ള അവസരം നൽകുന്നു. ചിത്രകഥകളും വായന നടത്തുന്നു.

- ☐ കുട്ടികൾക്ക് പുനരവതരണത്തിനുള്ള അവസരം നൽകുന്നു.

- ☐ കഥയിലെ ഇഷ്ടപ്പെട്ട കഥാപാത്രങ്ങൾ, ഇഷ്ടപ്പെട്ടഭാഗം എന്നിവ പറയാനവസ്രം നൽകുന്നു. NB യിൽ പേരുകൾ ലിസ്റ്റ് ചെയ്യാനാവശ്യപ്പെടുന്നു.

- ☐ അക്ഷരക്കാർഡുകളും, പദക്കാർഡുകളും കഥയിലെ പേരുകളും, കഥാ സന്ദർഭങ്ങളും കണ്ടെത്താനും, NB യിൽ എഴുതാനും ആവശ്യപ്പെടുന്നു.

- ☐ അധ്യാപകൻ B.B യിൽ എഴുതുന്നു. കുട്ടി സ്വയം വിലയിരുത്തി, തെറ്റുതിരുത്തുന്നു.

- ☐ തുടർ പ്രവർത്തനമായി ഇതുപോലുള്ള വാക്യങ്ങൾ കണ്ടെത്തി വരാൻ ആവശ്യപ്പെടുന്നു.

## സപ്തംബർ

- ■ വളരുന്ന വാക്യങ്ങൾ രൂപപ്പെടുത്തൽ.
- ■ ICT, ചിത്രം ഇവ കാണുന്നു.
- ■ ചിത്രങ്ങളിലെ വസ്തുക്കളുടെ പേരെഴുതൽ
- ■ ഓരോ വാക്കും വളരുന്ന വാക്യങ്ങളായി NB യിൽ കുറിക്കൽ (മല, വലിയ മല, ചെടികളുള്ള വലിയ മല, ചെടികളുള്ള പൂക്കളുള്ള വലിയ മല)
- ■ ഇതു പോലെ മറ്റു വാക്കുകളെയും വലിയ വാക്കുകളാക്കി മാറ്റൽ, ചിത്രം വരച്ച് പേരെഴുതൽ.

# അക്കാദമിക് മാസ്റ്റർ പ്ലാൻ – 2025 – 2026

## ഒക്ടോബർ

- ചെറിയ കഥകൾ, കവിതകൾ, വീഡിയോ, ചിത്രങ്ങൾ, ചാർട്ടുകൾ പ്രദർശിപ്പിക്കുന്നു.
- ചോദ്യങ്ങൾ ചോദിക്കുന്നു.
- ഉത്തരങ്ങൾ കണ്ടെത്തി NBയിൽ കുറിക്കാനാവശ്യപ്പെടുന്നു.
- അധ്യാപകൻ BBയിൽ രേഖപ്പെടുത്തു
- കുട്ടി സ്വയം വിലയിരുത്തി തെറ്റു തിരുത്തുന്നു
- പരിചിതമായവ സന്ദർഭങ്ങളിലെ വാക്യങ്ങൾ നൽകി എഴുതി വരാനാവശ്യപ്പെടുന്നു.

## നവംബർ

- ചിഹ്നങ്ങൾ ഉറപ്പിക്കൽ.
- പതക്കാർഡുകൾ, വാക്യക്കാർഡുകൾ, ചാർട്ടിലെ ചെറിയ കഥകൾ, കവിതകൾ ഇവ ചിഹ്നങ്ങൾ ചേർക്കാതെ നൽകുന്നു. (പരിചിതമായവ ICT ചിത്രങ്ങൾ ഉപയോഗിക്കാം)
- ഉചിതമായ ചിഹ്നങ്ങൾ ചേർത്ത് വാക്കുകളും, വാക്യങ്ങളും പൂർണമാക്കുവാൻ അവസരം നൽകുന്നു. (NBയിൽ എഴുതൽ)
- അധ്യാപകൻ ചാർട്ടിൽ/BBയിൽ എഴുതുന്നുന്നു (ചില ചിഹ്നങ്ങൾ നൽകി, വാക്കുകളും,
- വാക്യങ്ങളും കണ്ടെത്താനാവശ്യപ്പെടുന്നു.)

## ഡിസംബർ

- ലളിതമായ വായനാക്കാർഡുകൾ അധ്യാപികയുടെ സഹായത്തോടെ വായിക്കൽ
- ചിത്രകഥകൾ വായിക്കൽ (NBയിൽ ചെറുവാക്യങ്ങളിൽഎഴുതൽ)
- അധ്യാപകൻ ചാർട്ടിൽ/BBയിൽ രേഖപ്പെടുത്തൽ
- കട്ടി സ്വയം വിലയിരുത്തൽ (തെറ്റ് തിരുത്തൽ)

## ജനുവരി

- ചെറിയ കഥ കവിത വർണന തുടങ്ങിയവ ചാർട്ടിൽ പ്രദർശിപ്പിക്കൽ
- കുട്ടികൾക്ക് സ്വയം വായിക്കാൻ അവസരം നൽകൽ
- ഇഷ്ട സന്ദർഭങ്ങൾ NBയിൽ എഴുതൽ
- കൂട്ടുകാരൻ എഴുതിയത് വായിച്ചു താരതമ്യം ചെയ്യൽ
- കുട്ടികൾ പറയുന്നത് ടീച്ചർ ചാർട്ടിൽ രേഖപ്പെടുത്തൽ
- കുട്ടികളെ എഴുതിയതുമായി ഒത്തു നോക്കൽ
- തനിക്ക് ഇഷ്ടപ്പെട്ട കഥ എഴുതി വരാൻ അവസരം നൽകൽ. അവതരണത്തിന് അവസരം നൽകൽ

# അക്കാദമിക് മാസ്റ്റർ പ്ലാൻ – 2025 – 2026

## ഫെബ്രുവരി

- കഥ, കവിത, വർണന, വിരണം ഇവയിലെ ചില വസ്തുക്കളും പേരിനു പകരം ചിത്രങ്ങൾ നൽകി വായനക്ക് അവസരം നൽകൽ
- ചിത്രങ്ങളുടെ സ്ഥാനത്ത് പേരുകൾ നൽകിയ അവ പൂർത്തിയാക്കൽ
- സ്വയം അവതരിപ്പിക്കൽ
- വിട്ട ചിഹ്നങ്ങൾ ചേർത്ത് വാക്കുകളും വാക്യങ്ങളും പൂർത്തിയാക്കൽ
- തന്നിരിക്കുന്ന ചിഹ്നങ്ങൾക്കും അക്ഷരങ്ങൾക്കും അനുസരിച്ച് വാക്യങ്ങളും വാക്കുകളും നിർമ്മിക്കൽ
- വായന കാർഡുകൾ വായിച്ച് അതിലെ ആശയങ്ങൾ അവതരിപ്പിക്കൽ

## മാർച്ച്

CPTA നടത്തുന്നു
വായനയിലും എഴുത്തിലും കുട്ടികളുടെ നിലവാരം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു മ
ികവുകൾ പരിചയപ്പെടുത്തുന്നു
അവതരിപ്പിക്കുന്നു

# അടിസ്ഥാന ശാസ്ത്രം

## ആമുഖം

തന്റെ ചുറ്റുമുള്ള ലോകത്തെക്കുറിച്ച് ആഹ്ലാദപൂർവ്വം അന്വേഷിക്കുവാനും അതുമായി ഇണങ്ങി ചേരാനും സഹായകരമായ അനുഭവങ്ങളാണ് ശാസ്ത്ര പഠനത്തിലൂടെ കുട്ടിക്ക് ലഭ്യമാകുന്നത്. പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങളിലൂടെയും കുട്ടികളുടെ മാനസിക വളർച്ചക്കിണങ്ങുന്ന ശാസ്ത്ര വസ്തുക്കൾ ആശയങ്ങൾ പ്രക്രിയകൾ തുടങ്ങിയ വിവിധങ്ങളായ തലങ്ങളിലുള്ള അറിവ് നിർമ്മാണ പ്രക്രിയകളിൽ അപ്പർ പ്രൈമറി ഘട്ടത്തിൽ എത്തുന്ന കുട്ടികൾ പങ്കാളികളാവുകയാണ്. ഇത്തരത്തിൽ കുട്ടികളിൽ അന്വേഷണാത്മക പഠനം പ്രോത്സാഹിപ്പിച്ചുകൊണ്ട് ശാസ്ത്രബോധം വളർത്താനും ശാസ്ത്രീയ രീതി അഭ്യസിപ്പിക്കുവാനും ആണ് ശാസ്ത്ര പഠനം സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

## ലക്ഷ്യങ്ങൾ

- ഓരോ ക്ലാസിലും അടിസ്ഥാനശാസ്ത്ര വിഷയവുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ ശേഷികളും കുട്ടിക്ക് ലഭ്യമായെന്ന് ഉറപ്പാക്കുക
- ക്ലാസ് റൂമിൽ നിന്നും നേടിയ ശാസ്ത്ര അറിവുകൾ നിത്യജീവിത സന്ദർഭങ്ങളിൽ പ്രയോഗിക്കാനുള്ള വൈദഗ്ദ്യം നേടൽ
- ജൈവവൈവിധ്യ ഉദ്യാന നിർമ്മിച്ച പഠനത്തിന്റെ ഭാഗമാക്കൽ
- ശാസ്ത്ര സർഗാത്മഗാഥ പോഷിപ്പിക്കൽ

| അടിസ്ഥാന ശാസ്ത്രം | | | | | |
|---|---|---|---|---|---|
| പദ്ധതി | പ്രവർത്തനങ്ങൾ | ലക്ഷ്യം | കാലയളവ് | ചുമതല | പ്രതീക്ഷിക്കുന്ന ചെലവ് |
| ശാസ്ത്ര കൗതുകം | ശാസ്ത്രതത്വങ്ങൾ എളുപ്പം മനസ്സിലാക്കുവാൻ ഉപകരിക്കുന്ന രസകരമായ ലഘുപരീക്ഷണങ്ങൾ അവതരിപ്പിക്കൽ | കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുക | വർഷം മുഴുവൻ | സയൻസ് അധ്യാപകർ | |
| ശാസ്ത്രം മൂല | ശാസ്ത്ര പഠനം രസകരമാക്കുന്നതിന് ഓരോ ക്ലാസിലും പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങളും ചാർട്ടുകളും തയ്യാറാക്കി ശാസ്ത്ര മൂല സജ്ജീകരിക്കുക | ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കുക | ജൂൺ മുതൽ മാർച്ച് വരെ | ശാസ്ത്ര അധ്യാപകർ | |
| ചങ്ങാതിക്കൊരു തൈ | നിർമ്മാണം എന്നിവയുടെ ഭാഗമായി ഓരോ കുട്ടിയും അവരുടെ വീടുകളിൽ നിന്ന് തൈകൾ കൊണ്ടുവരികയും അത് ചങ്ങാതിക്ക് കൈമാറുകയും ചെയ്യൽ | വനങ്ങളാണ് പ്രകൃതിയുടെ സമ്പത്ത് എന്ന് അവബോധം കുട്ടികളിൽ വളർത്തുക | ജൂൺ മുതൽ സെപ്റ്റംബർ | ശാസ്ത്ര അധ്യാപകർ | |
| സൂര്യകാന്തി | പച്ചക്കറിത്തോട്ടം നിർമ്മിച്ച അതിനുചുറ്റും പൂച്ചെടികൾ അല്ലെങ്കിൽ മൈലാഞ്ചി ശീമക്കൊന്ന് മുള തുടങ്ങിയവ കൊണ്ടുള്ള ജൈവവേലി നിർമ്മാണം | പച്ചക്കറി തോട്ടം നിർമ്മിച്ച ശാസ്ത്ര പഠനത്തിന്റെ ഭാഗമാക്കൽ | വർഷം മുഴുവൻ | | |

# ദിനാചരണങ്ങൾ

## ജൂൺ

### ജൂൺ 26 ലോക ലഹരി വിരുദ്ധ ദിനം

ഫ്ളാഷ് മോബ് നടത്താൻ തീരുമാനിച്ചു
ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ ക്ലാസ് തലത്തിൽ നടത്തുവാൻ തീരുമാനിച്ചു
പ്ലക്കാർഡുകൾ ഉപയോഗിച്ചു ലഹരി വിരുദ്ധ റാലിയും നടത്തുവാൻ തീരുമാനിച്ചു

## ജൂലൈ ആഗസ്റ്റ്

- ആഗസ്റ്റ് 15 സ്വാതന്ത്ര്യ ദിനം , ആഗസ്റ്റ് 6 ഹിരോഷിമ ദിനം , ആഗസ്റ്റ് 9 നാഗസാക്കി ദിനം , ആഗസ്റ്റ് 17 കർഷകദിനം ആഗസ്റ്റ് 28 അയ്യങ്കാളി ദിനം

## ആഗസ്റ്റ് 6

- യുപിതലത്തിൽ ക്ലാസുകളിൽ യുദ്ധവിരുദ്ധ മുദ്രാവാക്യ നിർമ്മാണവും പ്ലക്കാർഡ് നിർമ്മാണം ഇതിനോടനുബന്ധിച്ച് സ്കൂൾ ചുറ്റുപാടിലൂടെ ഒരു റാലി സംഘടിപ്പിക്കൽ

## ആഗസ്റ്റ് 9 നാഗസാക്കി ദിനം.

സോഷ്യൽ സയൻസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ നാഗസാക്കി പതിപ്പും വീഡിയോയും തയ്യാറാക്കി

## ആഗസ്റ്റ് 15 – സ്വാതന്ത്ര്യ ദിനം

ദേശഭക്തിഗാനം മത്സരം , സ്വാതന്ത്ര്യ സമര സേനാനികളുടെ പ്രച്ഛന്നവേഷം , പതിപ്പ് നിർമ്മാണം ,  ക്വിസ് മത്സരം

## ആഗസ്റ്റ് 17 കർഷകദിനം

കർഷകനെ ആദരിക്കൽ,കൃഷിപ്പാട്ട് ,നാടൻപാട്ട് തുടങ്ങിയവയുടെ മത്സരം സംഘടിപ്പിക്കൽ

## ആഗസ്റ്റ് 28 അയ്യങ്കാളി ദിനം

ക്ലാസ് തലത്തിൽ പതിപ്പ് നിർമ്മാണം , മഹത് വചനങ്ങൾ എഴുതി പ്രദർശിപ്പിക്കൽ

## സെപ്റ്റംബർ 15 അന്താരാഷ്ട്ര ജനാധിപത്യ ദിനം

സ്കൂൾതലത്തിൽ ജനാധിപത്യ പ്രസംഗം സംഘടിപ്പിക്കൽ

## ഒക്ടോബർ 2 ഗാന്ധിജയന്തി

ഗാന്ധി ക്വിസ് ക്ലാസ് തലത്തിൽ ഗാന്ധി പതിപ്പ് തയ്യാറാക്കൽ

## നവംബർ 1 കേരളപ്പിറവി

കേരള ഭൂപടം പൂക്കൾ കൊണ്ട് നിറയ്ക്കൽ , മലയാളി മങ്കമത്സരം , ക്ലാസ് സ്ഥലത്തിൽ കേരളപ്പിറവിയുടെ പതിപ്പ് നിർമ്മാണം

## നവംബർ 14 ശിശുദിനം

ചാച്ചാജി വേഷം അനുകരിക്കൽ , കുട്ടികളെ നിർത്തിവലയം സൃഷ്ടിച്ച

# UP

# സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| സാമൂഹ്യശാസ്ത്ര പഠനം കൂടുതൽ ലക്ഷ്യവൽ ക്കരിക്കുക | ജൈവ സമൂഹങ്ങളുടെ സംസ്കാരത്തെ മനസ്സിലാക്കുകയും അവയെ പരിചയപ്പെടുത്തുന്നതിലൂടെ പഠിതാവിലെ അന്യവൽക്കരണത്തിന്റെ തോതിൽ ലഘൂകരിക്കുക എന്ന പഠനനേട്ടം കുട്ടികളിലേക്ക് എത്തിക്കുന്നതിന് സഹായിക്കുന്ന പാഠഭാഗം ആണ് പീലിയുടെ ഗ്രാമം എന്ന അഞ്ചാം ക്ലാസിലെ യൂണിറ്റ് തുടർന്നുള്ള പാഠഭാഗങ്ങളിലും ഭക്ഷണത്തിന്റെ പ്രാധാന്യം തൊഴിലിന്റെ പ്രാധാന്യം തുടങ്ങി കുട്ടിയെ ഒരു സമൂഹജീവി ആക്കി മാറ്റാൻ ഉതകുന്ന ആശയങ്ങളാണ് ഉള്ളത് | ഒരു മാസം | സോഷ്യൽ ക്ലബ്ബ് | |
| പത്രത്തെ അറിയൽ ദൈനംദിന പ്രവർത്തനം | എല്ലാദിവ സവും പത്രങ്ങളിൽ നിന്നുള്ള രണ്ട് ചോദ്യങ്ങൾ നോട്ടീസ് ബോർഡിൽ ഇടുകയും കുട്ടികൾ ഉത്തരം കണ്ടെത്തി അന്നേ ദിവസങ്ങളിൽ തന്നെ രണ്ടു മണിയുടെ മുന്നേയായി ഉത്തരം പെട്ടിയിൽ നിക്ഷേപി ക്കുകയും ചെയ്യുക വിജയികളെ കണ്ടെത്തി സമ്മാനദാനം നിർവഹിക്കുക | എല്ലാ പ്രവർത്തി ദിവസങ്ങളിലും | എസ് സി ക്ലബ്ബ് | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജില്ലയെ അറിയാൻ തനത് പ്രവർത്തനം | ■ ജില്ലയുടെ മോഡൽ തയ്യാറാക്കൽ<br>■ ക്ലാസ് തല പ്രവർത്തനമായി കേരളത്തിലെ ജില്ലകളുടെ രൂപങ്ങൾ വെട്ടിയെടുത്ത് കേരള ഭൂപടം സ്വന്തമായി ചെയ്യുവാൻ കുട്ടികളെ പ്രാപ്തരാക്കുക ഇതിലൂടെ കേരളത്തിന്റെ രൂപരേഖ കൂടാതെ ജില്ലയുടെ സ്ഥാനവും കുട്ടി സ്വായത്തമാക്കുന്നു. | ഒരു വർഷം | സോഷ്യൽ ക്ലബ്ബ് | |
| സാമൂഹ്യശാസ്ത്രത്തിന്റെ വിശാലമായ കാഴ്ചപ്പാടി ലേക്ക് | സമകാലിക പ്രസക്തിയുള്ള സാമൂഹികശാസ്ത്ര വിഷയത്തിലേക്ക് ഒരു എത്തിനോട്ടം പ്രദർശനം പൊതുവിജ്ഞാന കോശം തയ്യാറാക്കൽ വളരുന്ന സാമൂഹ്യശാസ്ത്ര പുസ്തകം ഇതിന്റെ ഭാഗമായി ഓരോ ആഴ്ചയിലും 20 ചോദ്യങ്ങൾ തയ്യാറാക്കി ഒരു ക്വിസ് പ്രോഗ്രാം കുട്ടികൾക്ക് നൽകുന്നു. വിജയികൾക്ക് സമ്മാനവും നൽകുന്നു. ഇത് കുട്ടികളിലേക്ക് ധാരാളം ആനുകാലിക സംഭവങ്ങളും അറിവുകളും ലഭിക്കുന്ന ഒരു പ്രവർത്തന മാണിത് | ആഴ്ചയിൽ ഒരു ദിവസം | എസ് സി ക്ലബ്ബ് | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജനാധിപത്യമൂല്യങ്ങൾ വളർത്തിയെടുക്കൽ | ♦ സ്കൂൾ ലീഡർ തിരഞ്ഞെടുക്കൽ<br>♦ പ്രകടനപത്രിക പ്രചാരണം, മീറ്റ് ഡേറ്റ് നടത്തുകയുണ്ടായി<br>♦ തിരഞ്ഞെടുപ്പ് വിജ്ഞാപനം<br>♦ നാമനിർദ്ദേശപത്രിക സമർപ്പണം<br>♦ പിൻവലിക്കൽ<br>♦ സൂക്ഷ്മ പരിശോധന<br>♦ ചിഹ്നം അനുവദിക്കൽ<br>♦ പ്രചരണം<br>♦ വോട്ടിംഗ് ഇവയിലൂടെ കടന്നുപോയി | ജൂൺ | സോഷ്യൽ ക്ലബ്ബ് | |
| പുരാവസ്തു പ്രദർശനം | ♦ കേരളപ്പിറവി ദിനത്തിൽ പഴയകാല ഉപകരണങ്ങളെ കുട്ടികൾക്ക് പരിചയപ്പെടുത്താനുള്ള പ്രവർത്തനമായി കാർഷിക ഉപകരണങ്ങൾ അടുക്കള ഉപകരണങ്ങൾ ആയുധങ്ങൾ എന്നിവയുടെ പ്രദർശനം നടത്താൻ തീരുമാനിക്കുന്നു.<br>♦ മലയാളത്തനിമയെ കുട്ടികളിലേക്ക് എത്തിക്കാൻ മലയാളി മങ്കം മത്സരം നടത്താൻ തീരുമാനമായി | നവംബർ | എസ് സി ക്ലബ്ബ് | |
| പഠനയാത്ര<br>ചരിത്രസ്മാരകങ്ങൾ<br>പുഴകൾ, മലകൾ | ♦ ചരിത്ര അവബോധം വർദ്ധിപ്പിക്കാനായി<br>♦ ചരിത്ര സ്മാരകങ്ങളിലേക്കുള്ള യാത്ര പ്രകൃതി സ്നേഹം വളർത്താനായി<br>♦ പുഴ,മല,കാട് എന്നിവ സന്ദർശിക്കാൻ തീരുമാനിച്ചു | നഡിസംബർ<br>ജനുവരി | എസ് സി ക്ലബ്ബ് | |

# ഹിന്ദി

അഞ്ചാം ക്ലാസ് മുതൽ ഏഴാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് ഹിന്ദി ഭാഷ പഠനത്തിൽ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ട് ഹിന്ദി അർത്ഥശുദ്ധിയോടെ വായിക്കുവാനും എഴുതുവാനും കുട്ടികളെ പ്രാപ്തരാക്കുന്ന പ്രവർത്തനങ്ങളാണ് ഞങ്ങൾ അഞ്ച് മുതൽ ഏഴ് വരെയുള്ള കുട്ടികൾക്ക് കൊടുക്കുന്നത്. അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കുക, ഹിന്ദിയിൽ സർഗാത്മക രചനകൾ വളർത്തിയെടുക്കാനും സ്കൂൾതലത്തിൽ ഹിന്ദി ഭാഷയെ പരിപോഷിപ്പിക്കാനായി ഹിന്ദി സിനിമ, അസംബ്ലി എന്നീ പ്രവർത്തനങ്ങളിലൂടെ ഹിന്ദി ഭാഷയെ മടികൂടാതെ രസകരമായ രീതിയിൽ കുട്ടികളിലേക്ക് എത്തിക്കുക എന്നതാണ് ഞങ്ങളുടെ ലക്ഷ്യം. അതിനുള്ള പ്രവർത്തനങ്ങൾ ആണ് ഞങ്ങൾ ഈ അക്കാദമിക് വർഷത്തിൽ നടത്താൻ തീരുമാനിക്കുന്നത്.

## ലക്ഷ്യങ്ങൾ

- ☐ ഹിന്ദിയിൽ ആശയവിനിമയത്തിനുള്ള ശേഷി വികസിപ്പിക്കുക
- ☐ സ്വാതന്ത്ര വായനക്ക് കുട്ടികളെ സജ്ജരാക്കുക
- ☐ ഹിന്ദി പഠനത്തിൽ സാങ്കേതികവിദ്യയുടെ ഉപയോഗം ഹിന്ദി പഠനത്തിൽ ലൈബ്രറിയുടെ ഉപയോഗം
- ☐ ഹിന്ദി വായന തെറ്റു കൂടാതെ ഹിന്ദി വായിക്കാനുള്ള അവസരങ്ങൾ സൃഷ്ടിക്കൽ

# രസീലി ഹിന്ദി (തനത് പ്രവർത്തനം)

| Sl. No | Programme | Activity | Duration | ഭൗതികം |
|---|---|---|---|---|
| 1 | എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ | ♦ അക്ഷരം എഴുത്ത് ചിഹ്നം ഉറപ്പിക്കൽ<br>♦ അക്ഷരമാല പ്രദർശനം<br>♦ ഓൺലൈൻ അക്ഷരമാല കളികൾ<br>♦ പ്രീ ടെസ്റ്റിലൂടെ പിന്നോക്കാവസ്ഥയിലുള്ള അവരെ കണ്ടെത്തുന്നു | ജൂൺ-ആഗസ്റ്റ് | അക്ഷര ചാർട്ട്, പാഠപുസ്തകം |
| 2 | നിത്യോപയോഗ ഉപയോഗ വസ്തുക്കളുടെ പേരുകൾ മനസ്സിലാക്കാനും കടിക്കാനും അവസരം നൽകുന്നു | ♦ ഐസിടിയുടെ സഹായത്തോടെ വാക്കുകളും വസ്തുക്കളും പരിശീലിപ്പിക്കാനുള്ള അവസരം CWSNഎസ് എൻ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നു | സെപ്റ്റംബർ - കക്ടോബർ | ഹിന്ദി നിഘണ്ടു, വായനാ കാർഡുകൾ |
| 3 | ദിനാചരണങ്ങൾ | ♦ ജൂൺ മുതൽ ഫെബ്രുവരി വരെയുള്ള പ്രധാനപ്പെട്ട ദിനാചരണങ്ങൾ നടത്തും<br>♦ ഓരോ ദിനാചരണത്തിന്റെയും ഭാഗമായി പോസ്റ്റർ ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുന്നു | ജൂൺ- ഫെബ്രുവരി | ഹിന്ദി അധ്യാപകർ |

| Sl. No | Programme | Activity | Duration | ഭൗതികം |
|---|---|---|---|---|
| 4 | സുരീലി ഹിന്ദി | സെപ്റ്റംബർ 14 ഹിന്ദി ദിനം വിവിധ കലാപരിപാടികൾ സ്കൂൾതലത്തിൽ നടത്തും | ജൂൺ- ഫെബ്രുവരി | ഹിന്ദി അധ്യാപകർ |
| 5 | സുരേലി വാണി | കുട്ടികളിൽ ഹിന്ദി സാഹിത്യ ആസ്വാദനം വളർത്തുവാനായി നടത്തുന്നു | സെപ്റ്റംബർ-മാർച്ച് | ഹിന്ദി അധ്യാപകർ |
| 6 | രസിലി ഹിന്ദി | പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് വേണ്ടി അടിത്തറ ഉറപ്പിക്കാനുതകുന്ന പ്രവർത്തനങ്ങൾ നടത്തും | ജൂലായ് മുതൽ മാർച്ച് വരെ | ഹിന്ദി അധ്യാപകർ |
| 7 | ഹിന്ദി സാഹിത്യ ആസ്വാദനം വളർത്തുക | ഹിന്ദി സിനിമ കാണാൻ അവസരം ഒരുക്കുന്നു ചിത്ര വായനയ്ക്കുള്ള അവസരം ഹിന്ദി കാർട്ടൂൺ | സെപ്റ്റംബർ | ഹിന്ദി അധ്യാപകർ |
| 8 | ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക രചനകൾ വികസിപ്പിക്കാനുള്ള അവസരം | ◆ ഹിന്ദി അസംബ്ലി<br>◆ പുസ്തക പ്രദർശനം<br>◆ വായന ചിത്രവായന<br>◆ ക്ലബ്ബ് പ്രവർത്തനങ്ങൾ | നവംബർ-ഫെബ്രുവരി | പുസ്തകങ്ങൾ സുരീലി നൃത്തം |

# സംസ്കൃതം

| Sl. No | Programme | Activity | Duration | ഭൗതികം |
|---|---|---|---|---|
| 1 | എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ | അക്ഷരം, എഴുത്ത്, ചിഹ്നം ഉറപ്പിക്കൽ<br>അക്ഷരമാല പ്രദർശനം<br>ഓൺലൈൻ അക്ഷരമാല കളികൾ<br>പ്രീ ടെസ്റ്റിലൂടെ കുട്ടികളെ കണ്ടെത്തുന്നു | ജൂൺ-ആഗസ്റ്റ് | അക്ഷര ചാർട്ട്, പാഠപുസ്തകം |
| 2 | ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക രചനകൾ വികസിപ്പിക്കാനും ഉള്ള അവസരം | സംസ്കൃതം അസംബ്ലി<br>പുസ്തക പ്രദർശനം<br>ക്ലബ്ബ് പ്രവർത്തനങ്ങൾ | നവംബർ- ഫെബ്രുവരി | സംസ്കൃത നാടകം, പുസ്തകങ്ങൾ |
| 3 | ദിനാചരണങ്ങൾ | ജൂൺ മുതൽ ഫെബ്രുവരി വരെയുള്ള പ്രധാനപ്പെട്ട ദിനാചരണങ്ങൾ നടത്തും | ജൂൺ- ഫെബ്രുവരി | സംസ്കൃതം അധ്യാപിക |

# UP അറബിക്

| പദ്ധതി | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| അറബിക് അസംബ്ലി | അറബി ഭാഷ അനായാസേന കൈകാര്യം ചെയ്യുക | ■ പ്രാർത്ഥന, പ്രതിജ്ഞ, കവിതകൾ, കഥകൾ എന്നിവ ഉൾപ്പെടുത്തുന്നു. | ആഴ്ചയിൽ ഒന്ന്. | അറബിക് അധ്യാപകൻ | 5000/- |
| അറബിക് കോർണർ | വായന പ്രോത്സാഹിപ്പിക്കൽ | ■ കഥ, കവിത എന്നിവ പരിചയപ്പെടുത്തുന്നു. പുസ്തകം പത്രങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു. | മാസത്തിൽ ഒന്ന്. | അറബിക് അധ്യാപകൻ | |
| അറബിക് ക്വിസ്സ് | | ■ ചോദ്യങ്ങൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നു. നിശ്ചിത ദിവസത്തിനുള്ള ഉത്തരപ്പെട്ടിയിൽ നിക്ഷേപിക്കുന്നു. | ആഴ്ചയിൽ ഒന്ന് | അറബിക് അധ്യാപകൻ | |
| ബോക്സ് അറബിക് ശിൽപ്പശാല | കഥ, കവിത, ലേഖനം തുടങ്ങിയവക്കുള്ള പ്രത്യേക പരിശീലനം | | വർഷത്തിൽ 1 പ്രാവശ്യം | അറബിക് അധ്യാപകൻ | |
| നുറുൽ അറബിയ്യ | അറബി അക്ഷരജ്ഞാനം ഇല്ലാത്ത കുട്ടികളെ തിരിക്കാനുള്ള കഠിന പരിശീലനം | | | അറബിക് അധ്യാപകൻ | |
| അന്താരാഷ്ട്ര അറബിക് ദിനം | | എല്ലാ പ്രധാന ദിനങ്ങളും ആചരിക്കുന്നു. | | അറബിക് അധ്യാപകൻ | |
| മികവുറ്റ കലോത്സവം | കുട്ടികളുടെ സർഗ്ഗ വാസന വർദ്ധിപ്പിക്കുന്ന തരം | | ജൂൺ-മാർച്ച് പ്രത്യേക പരിശീലനം | അറബിക് അധ്യാപകൻ | |

# UP ഉറുദു

## ആമുഖം

ഇന്ത്യയിൽ ജനിച്ച്, ലോകത്താകമാനം പടർന്നുപന്തലിച്ച ഭാഷയാണ് ഉറുദും ഇന്തോ ആര്യൻ ഭാഷ കുടുംബത്തിലെ പ്രധാനിയായ ഉറുദു, ഘഡീ ബോലി എന്ന ഭാഷയിൽ നിന്ന് ഉരുത്തിരിഞ്ഞു വന്നതാണ്.ഇന്ന് അനുദിനം വികസിച്ചുകൊണ്ടിരിക്കുന്ന സംഗീത സുന്ദരമായ ഭാഷ കൂടിയാണ് ഉറുദു. കഥകളുടെയും കവിതകളുടെയും ഭാഷ. ഹിന്ദുസ്ഥാനി സംഗീതത്തിന്റെ അന്തർധാരയായ ഉറുദു സംസ്കാരിക സമന്വയത്തിന്റെയും മാനവ സാഹോദര്യത്തിന്റെയും മതേതരത്വത്തിന്റെയും മുദ്രവാക്യം ഉയർത്തിപ്പിടിക്കുന്ന ഭാഷ കൂടിയാണ്.

പനമണ്ണ യു.പി സ്കൂളിൽ 202526 വർഷത്തിൽ ഉർദു ഭാഷാ പഠനവുമായി ബന്ധപെട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന അക്കാദമിക, ഭൗതിക, സാമൂഹ്യ പ്രവർത്തനങ്ങളും നിർദേശങ്ങളും താഴെ ചേർക്കുന്നു.

## പൊതു ലക്ഷ്യങ്ങൾ

- ഉർദു ഭാഷ പഠനം ആയാസവും രസകരവുമാക്കി ആസ്വാദന പഠനം കുട്ടികൾക്ക് സാധ്യമാക്കുക.
- ഉർദു ഭാഷ, സാഹിത്യം എന്നിവയുമായി ബന്ധപ്പെട്ട പൊതു വിജ്ഞാനം നേടുന്നതിനുള്ള സന്ദർഭം സൃഷ്ടിക്കുക.
- തൊഴിൽ അനുബന്ധ മത്സരപരീക്ഷകൾക്ക് ആവശ്യമായ തയ്യാറെടുപ്പുകൾ നടത്തുക.
- ഉർദു ഭാഷ പഠനവുമായി ബന്ധപ്പെട്ട് കരിക്കുലം വിഭാവനം ചെയ്യുന്ന പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും ആർജിക്കുക.
- ഉർദു പഠിക്കുന്ന എല്ലാ കുട്ടികൾക്കും ഏഴാം ക്ലാസ് കഴിയുമ്പോഴേക്കും ഉർദു വായിക്കാനും കേട്ടെഴുതാനും അത്യാവശ്യം സാഹിത്യ രചനകൾ നടത്താനുമുള്ള ശേഷി ഉറപ്പാക്കുക.
- മുഴുവൻ കുട്ടികൾക്കും വിവിധ ജീവിത സന്ദർഭങ്ങളുമായി ബന്ധപ്പെട്ട് ഉർദു ഭാഷ സംസാരിക്കാൻ കഴിയും എന്ന് ഉറപ്പുവരുത്തുക.
- ഉർദു ഭാഷാ പഠനത്തിലൂടെ ജനാധിപത്യ മതേതരത്വ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന കുട്ടികളെ വാർത്തെടുക്കുക.
- വിവിധ കലാപരമായ കഴിവുകൾ അവതരിപ്പിക്കാനും ആസ്വദിക്കാനുമുള്ള കഴിവ് നേടുക.
- എല്ലാ കുട്ടികൾക്കും ഭംഗിയുള്ള കയ്യെഴുത്ത് സ്വായത്തമാക്കാനുള്ള പരിശീലനം നൽകുക.
- ഉന്നത പഠനത്തിന് പോകുന്ന കുട്ടികൾക്ക് ആവശ്യമായ ആക്കാദമിക നിലവാരം ഉണ്ടാക്കി എടുക്കുക.
- ഉർദു ഭാഷയെകുറിച്ച് സാമാന്യ അവബോധം വളർത്തിയെടുക്കുക.
- കുട്ടികളുടെ സർഗ്ഗാത്മക ശേഷികൾ വളർത്തുകയും, രചനാ ശേഷികൾക്ക് പ്രോത്സാഹനം നൽകുകയും
- വിവിധ ദിനാചരണങ്ങളിലൂടെ ഭാഷാപരമായ ശേഷികൾ വളർത്തുക.

| നമ്പർ | പ്രവർത്തനം | പ്രവർത്തന ഘട്ടം | കാലയളവ് | ചുമതല | ഫണ്ട് | വിലയിരുത്തൽ |
|---|---|---|---|---|---|---|
| 1 | **പദം ആഗെ ബഢേം** ഉർദു വായന | വായന മത്സരങ്ങൾ, ക്വിസ് മത്സരങ്ങൾ,ബാലമാസികകൾ, ഉർദു പത്രങ്ങൾ,വായന കാർഡുകൾ തുടങ്ങിയവ വായനക്ക് ലഭ്യമാക്കൽ. | വിവിധ ദിനാചരണങ്ങളിൽ | ഉറുദു സ ബ് ജ ക്റ്റ് കൗൺസിൽ | 1500 | എച്ച്.എം. സബ്ജക്റ്റ് കൗൺസിൽ |
| 2 | **മേരെ അൽഫാസ്** ഉർദു കയ്യെഴുത്ത് മാഗസിൻ | രചനാ ശേഷി വളർത്തൽ, ഉറുദുവിൽ മികച്ചതും ഭംഗിയുള്ളതുമായ കൈ എഴുത്ത് എന്നീ ലക്ഷ്യ പൂർത്തീകരണത്തിനും, കുട്ടികളിലെ സർഗ്ഗാത്മകത വളർത്തുന്നതിനും വേണ്ടി കയ്യെഴുത്ത് മാസിക, ചുമർ പത്രിക നിർമണം,വായന കാർഡ് നിർമാണം | ഒരു വർഷം | ഉറുദു സ ബ് ജ ക്റ്റ് കൗൺസിൽ | 1000 | എച്ച്.എം. സബ്ജക്റ്റ് കൗൺസിൽ |
| 3 | e-ദുനിയ ഉർദു ടൈപ്പിംഗ് | കുട്ടികൾക്ക് ഉർദു ടൈപ്പിംഗിൽ പരിശീലനം നൽകൽ. പ്രിന്റഡ് പതിപ്പുകൾ, വായന കാർഡ് തുടങ്ങിയവ തയ്യാറാക്കൽ | വ ർ ഷ ത്തി ൽ ഒന്ന് | ഉറുദു സ ബ് ജ ക്റ്റ് കൗൺസിൽ | 1000 | എച്ച്.എം. സബ്ജക്റ്റ് കൗൺസിൽ |
| 4 | ഡിജിറ്റൽ മാഗസിൻ | കുട്ടികളിലെ രചനകൾ ഉൾപ്പെടുത്തി കൊണ്ട് ഡിജിറ്റൽ മാഗസിൻ തയ്യാറാക്കൽ. | ടേം ൽ 1 വിതം | ഉർദു ക്ലബ്ബ് | 2500 | എച്ച്.എം.സബ്ജക്റ്റ് കൗൺസിൽ |
| 5 | ഖസാന എ ഇൽമ് പൊതുവിജ്ഞാനം | പൊതുവായതും ഉർ ദുവിലുള്ളതുമായ പൊതുവിജ്ഞാനം കുട്ടികളിലെത്തിക്കുന്നതിന് വേണ്ടി ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുക. | വ ർ ഷ ത്തി ൽ ഒന്ന് | ഉർദു ക്ലബ്ബ് | 2000 | എച്ച്.എം. സബ്ജക്റ്റ് കൗൺസിൽ |
| 6 | മുശാഇറ | ഉർദു ഗസലിനേയും ഹിന്ദുസ്ഥാനി സംഗീതത്തേയും അടുത്തറിയുന്നതിനും സംഗീത വാസനയുള്ള കുട്ടികളെ കണ്ടെത്തുന്നതിനും മുശാഇറയും ഗസൽ സായാഹ്നവും സംഘടിപ്പിക്കുക. | വ ർ ഷ ത്തി ൽ ഒന്ന് | ഉർദു ക്ലബ്ബ് | 7000 | എച്ച്.എം. സബ്ജക്റ്റ് കൗൺസിൽ |

| നമ്പർ | പ്രവർത്തനം | പ്രവർത്തന ഘട്ടം | കാലയളവ് | ചുമതല | ഫണ്ട് | വിലയിരുത്തൽ |
|---|---|---|---|---|---|---|
| 7 | ഹം മിലേം ഉർദുക്യാമ്പ് | കുട്ടികളിലെ രചനാപരമായ കഴിവുകൾ പരിപാഷിപ്പിക്കുന്നതിനുതകും വിധം കവിത, കഥ, ഉപന്യാസ ക്യാമ്പുകൾ നടത്തുക. ഉർദു സാഹിത്യകാരന്മാരുടെ ക്ലാസുകൾ സംഘടിപ്പിക്കുക. | വർഷത്തിൽ ഒന്ന് | ഉറുദു സബ്ജക്ട് കൗൺസിൽ | 10000 | എച്ച്.എം. സബ്ജക്ട് കൗൺസിൽ |
| 8 | ഷോർട്ട് ഫിലിം | കുട്ടികളിലെ അഭിനയ കഴിവും, അവതരണ ശേഷിയും പരിപോഷിപ്പിക്കും വിധം വിവിധ വിഷയ സംബന്ധമായ ഷോർട്ട് ഫിലിമുകൾ തയ്യാറാക്കൽ. | വർഷത്തിൽ ഒന്ന് | ഉറുദു സബ്ജക്ട് കൗൺസിൽ | 6000 | എച്ച്.എം. സബ്ജക്ട് കൗൺസിൽ |
| 9 | ഉർദു ദിനം | ടാലന്റ് മീറ്റ്, അക്ഷരമരം, ഭാഷാ സെമിനാർ എന്റെ പതിപ്പ് | അതത് ദിനങ്ങളിൽ | | 2000 | എച്ച്.എം.സബ്ജക്ട് കൗൺസിൽ |
| 10 | വായന ആസ്വാദനം | കുട്ടി വായന, അമ്മയും കുഞ്ഞും വായന ആസ്വാദന കുറിപ്പ്, പുസ്തക ചർച്ച,ക്വിസ് മത്സരം,മെഗാ ക്വിസ്. | ഒരു വർഷം | ഉറുദു സബ്ജക്ട് കൗൺസിൽ | 700 | |
| 11 | തലാഷ് | പ്രാദേശിക പഠന യാത്രകൾ സംഘടിപ്പിക്കൽ. | വർഷത്തിൽ ഒന്ന് | | 10000 | HMസബ്ജക്ട്കൗൺസിൽ |
| 12 | ദിനാചരണങ്ങൾ | ഭാഷാ ശേഷി വളർത്തുന്നതിനുതകുന്ന രീതിയിൽ വിവിധ ദിനാചരണ പരിപാടികൾ സംഘടിപ്പിക്കൽ. | അതത് ദിനങ്ങളിൽ | ഉർദു ക്ലബ്ബ് | 500 | എച്ച്.എം. സബ്ജക്ട് കൗൺസിൽ |
| 13 | തൊഴിൽ നൈപുണി | തൊഴിൽ നൈപുണി വളർത്തുന്നതിന് വേണ്ടി വിവിധ പരിശീലനങ്ങൾ സംഘടിപ്പിക്കൽ. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 200 | എച്ച്.എം. സബ്ജക്ട് കൗൺസിൽ |
| 14 | **ഉറുദു കെ മോത്തിയാം** ഉറുദു സാഹിത്യത്തെ പരിചയപ്പെടൽ | ഉർദു സാഹിത്യ രൂപങ്ങളെയും ഉർദു സാഹിത്യകാരന്മാരെയും പരിചയപ്പെടുത്തുന്ന പൊതുവേദി ഒരുക്കുക. ഉർദുവിലെ പ്രസിദ്ധരായ എഴുത്തുകാരുടെ രചനകൾ പരിചയപ്പെടുത്തുക | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 500 | എച്ച്.എം. സബ്ജക്ട് കൗൺസിൽ |